## സബ്മിഷൻ

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയ്ക്ക് ഇന്ന് ഏതാണ്ട് ഇരുപതോളം സബ്മിഷനുകളും അതിനുശേഷം ധനാഭ്യർത്ഥന ചർച്ചയുമുണ്ട്. ഏതാണ്ട് 15 ബഹുമാനപ്പെട്ട അംഗങ്ങളുടെ ചർച്ചയും പിന്നെ മന്ത്രിമരുടെ മറുപടിയുമുണ്ട്. അതുകൊണ്ട് കഴിയുന്നത്ര നേരത്തെ പിരിയുന്നതിനുവേണ്ടി എല്ലാവരുടെയും സഹകരണം ചെയറിനുണ്ടാകണം.

## ട്രാഫിക് യൂണിറ്റ്

ശ്രീ. സി. ദിവാകരൻ: സർ, നമ്മുടെ രാജ്യം നേരിടുന്ന ഏറ്റവും ഗുരുതരവും അപകടകരവുമായ ഒരു പ്രശ്നമാണ് റോഡപകടങ്ങൾ മൂലമുണ്ടാകുന്ന മരണങ്ങൾ. ദേശീയ നിലവാരത്തിലുള്ള നാറ്റ്പാക്-ന്റെ പഠന റിപ്പോർട്ടിൽ പറയുന്നത് ഇന്ത്യയിൽ ഒരു വർഷം ഒരു ലക്ഷത്തി നാല്പതിനായിരം ആളുകൾ റോഡപകടത്തിൽ മരിക്കുന്നു എന്നാണ്. ഇരുപത്തിരണ്ട് ലക്ഷം ആളുകൾക്ക് ഗുരുതരമായ മുറിവേൽക്കുന്നു. ദേശീയ നിലവാരത്തിൽ പരിശോധിക്കുമ്പോൾ ലോകത്ത് ഏറ്റവും കൂടുതൽ റോഡപകടങ്ങളിൽ മരണപ്പെടുന്നത് ഇന്ത്യയിലാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ മരണം സംഭവിക്കുന്നത് കരുനാഗപ്പള്ളിയിലാണ്. കരുനാഗപ്പള്ളി യിൽ കഴിഞ്ഞ ആറ് മാസത്തിനിടയിൽ 77 അപകടങ്ങളിൽ 22 ആളുകൾ മരിച്ചു. ശരാശരി ഒരു ദിവസം മൂന്ന് ആളുകൾ മരിച്ചു. ഗവൺമെന്റ് അടിയന്തിരമായി ശ്രദ്ധിക്കേണ്ടത് റോഡ് സേഫ്റ്റിയാണ്. റോഡ് സേഫ്റ്റി കൗൺസിൽ എന്നൊക്കെ പറഞ്ഞ് കമ്മിറ്റികൾ എടുത്തിട്ടുണ്ടെങ്കിലും ഒന്നും പ്രവർത്തിക്കുന്നില്ല. അതുപോലെ ട്രാഫിക് നിയമങ്ങൾ കർശനമായി

പാലിക്കപ്പെടുന്നില്ല. ട്രാഫിക് പോലീസുകാർ ട്രെയിനിംഗുള്ളവരല്ല. ലാ ആന്റ് ഓർഡറിലുള്ള പോലീസുകാർക്ക് വെള്ള ഷർട്ട് കൊടുത്ത് ട്രാഫിക് പോലീസ് ആക്കുകയാണ്. ട്രാഫിക്കിന് പ്രത്യേകമായി ഇൻസ്റ്റിറ്റ്യൂട്ടും പരിശീലനവും ആധുനികമായ യാതൊരു സംവിധാനവും ഇല്ല. അതുകൊണ്ട് ഒരു സേഫ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം കേരളത്തിൽ ആരംഭിക്കണം. പോലീസും ട്രാഫിക്കും കൂടിക്കലർന്നുകിടക്കുന്നത് ശരിയല്ല. അതുപോലെ വണ്ടി എവിടെ പാർക്ക് ചെയ്യണം, എങ്ങോട്ട് റിവേഴ്സ് ചെയ്യണം തുടങ്ങിയ കാര്യങ്ങൾക്ക് ഡ്രൈവർമാർക്ക് കൃത്യമായ ട്രെയിനിംഗ് ലഭിക്കുന്നില്ല. വണ്ടി റിവേഴ്സ് ചെയ്തതിന്റെ അപകടമാണ് കഴിഞ്ഞദിവസം കാട്ടാക്കട ഉണ്ടായത്. ശുദ്ധ അസംബന്ധമായിരുന്നു അത്. പുറകിൽ വണ്ടി ഉണ്ടോ ഇല്ലയോ എന്ന് നോക്കാതെ വണ്ടി എടുത്തതാണ് ആ സ്ത്രീകൾ മരിക്കാൻ കാരണം. ഡ്രൈവർമാരുടെ അശ്രദ്ധ, പരിശീലനമില്ലായ്മ, റോഡിന്റെ കാര്യക്ഷമതയില്ലായ്മ ഇവയൊക്കെയാണ് ഇതിന് കാരണം. റോഡ് ഫണ്ടൊക്കെ എന്ത് ചെയ്യുകയാണ്; ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ് കളക്ട് ചെയ്യുന്ന കോടിക്കണക്കിന് രൂപ റോഡ് മെയിന്റനൻസിന് ഉപയോഗിക്കുന്നില്ല. അതിന്റെ കോമ്പൻസേഷൻ കൊടുക്കുന്നില്ല. ഇതെല്ലാം ഇൻഷുറൻസ് കമ്പനിക്കാരാണ് ചെയ്യുന്നത്. ഒരപകടമുണ്ടായാൽ ഗവൺമെന്റിനോ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിനോ ഒരു ബാദ്ധ്യതയുമില്ല. അങ്ങനെ വരാൻ പാടില്ല. അതുകൊണ്ട് കർശനമായ നിയമങ്ങളുണ്ടാകണം. അപകടമുണ്ടായാൽ അടിയന്തിരമായി ട്രാൻസ്പോർട്ട് അതോറിറ്റിയോ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റോ അതിൽ ഒരു ഷെയർ വഹിക്കണം. അനാഥമായിപ്പോകുകയാണ്. എന്റെ മണ്ഡലത്തിലെ അനുഭവം വച്ചുകൊണ്ട് പറയുകയാണ്, വില്ലേജാഫീസിൽനിന്ന് മരണപ്പെട്ടവരുടെ സർട്ടിഫിക്കറ്റുംമറ്റും വാങ്ങി മുഖ്യമന്ത്രിക്ക് കൊടുത്താൽ

ദുരിതാശ്വാസ ഫണ്ടിൽ നിന്ന് ഒരു ചെറിയ ഫണ്ട് കിട്ടുന്നതല്ലാതെ വേറെ ഒന്നും ലഭിക്കുന്നില്ല. ട്രാഫിക് യൂണിറ്റ് ഇല്ലാത്തിടത്തെല്ലാം അത് കൊടുക്കണം. കരുനാഗപ്പള്ളിയിൽ അദ്ദേഹം ചെയ്യാൻ പോകുന്ന കാര്യം കഴിഞ്ഞദിവസം ഇവിടെ പറഞ്ഞു. ഞാൻ മന്ത്രിയായിരുന്ന കാലത്തും നടന്നില്ലെന്നുള്ള കാര്യം കൂടി ദുഖ:കരമായി ഞാൻ പറയുകയാണ്. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി വന്നപ്പോഴും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വന്നപ്പോഴും ഉടനെ തരാമെന്ന് പറഞ്ഞിട്ടും ഇതുവരെ തന്നില്ല. ഇപ്പോൾ മൂന്നാമതൊരു മന്ത്രിയുടെ മുമ്പിൽ കരുനാഗപ്പള്ളിക്കാർ നിൽക്കുകയാണ്. ഹരിപ്പാട് പോകുന്നത് കരുനാഗപ്പള്ളി വഴിയാണ്. ദയവു ചെയ്ത് ഈ കാര്യത്തിൽ എന്തെങ്കിലും ഒരു നടപടിയുണ്ടാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട സി.പി.ഐ.യുടെ പാർട്ടി ലീഡർ ശ്രീ.സി. ദിവാകരൻ ഇവിടെ ഉന്നയിച്ചത് വളരെ ന്യായമായ ഒരാവശ്യമാണ്. നമ്മുടെ സംസ്ഥാനത്ത് ട്രാഫിക് അപകടങ്ങൾ വർദ്ധിച്ചുവരുന്നു എന്നുള്ളത് നൂറ് ശതമാനം ശരിയാണ്. അതിന് രണ്ടുമൂന്ന് കാരണങ്ങളുണ്ട്. റോഡ് ഇല്ല, വാഹനങ്ങൾ പെരുകിവരുന്നു, അതിനനുസരിച്ച് റോഡുകൾക്ക് സൗകര്യമില്ല. വാഹനം പെരുകുന്നതിനനുസരിച്ചുള്ള റോഡ് ഇല്ലാത്തതുകൊണ്ട് പ്രധാന പ്പെട്ട നഗരങ്ങളിലെല്ലാം പല തരത്തിലുള്ള വാഹനക്കുരുക്കുകളിൽ ആളുകൾ ബുദ്ധിമുട്ടുകയാണ്. അതൊരു യാഥാർത്ഥ്യമാണ്. ട്രാഫിക് പോലീസിന്റെ നിയന്ത്രണംകൊണ്ടുമാത്രം പരിഹരിക്കാൻ കഴിയുന്ന ഒരു നടപടിയല്ല ഇത്. എങ്കിൽപ്പോലും ട്രാഫിക് പോലീസിന് വലിയ തോതിലുള്ള പ്രവർത്തനം നടത്താൻ കഴിയും. കരുനാഗപ്പള്ളി പോലീസ് സബ് ഡിവിഷന്റെ കീഴിൽ ഒരു

ട്രാഫിക് യൂണിറ്റ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ബഹുമാനപ്പെട്ട എം.എൽ.എ. സി. ദിവാകരൻ നിരവധി തവണ ഇവിടെ ഉന്നയിച്ചിട്ടുണ്ടെന്ന് അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. കരുനാഗപ്പള്ളി മുനിസിപ്പൽ ചെയർമാൻ ശ്രീ. അൻഷാദ് അടക്കമുള്ള ജനപ്രതിനിധികളും ഏറെക്കാലമായി ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. നാഷണൽ ഹൈവേയുടെ രണ്ട് വശത്തുനിന്നും കൊട്ടാരക്കര, അടൂർ ഭാഗങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾ സംഗമിക്കുന്ന കരുനാഗപ്പള്ളി ഠൗണിലെ ഗതാഗതക്കുരുക്ക് വളരെയധികം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. മാതാ അമൃതാനന്ദമയി മഠം, സിവിൽ സ്റ്റേഷൻ, നിരവധി ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, താലൂക്ക് ആശുപത്രി എന്നിവ സ്ഥിതിചെയ്യുന്ന ഈ ഠൗണിൽ എല്ലാ സമയവും വളരെയേറെ ഗതാഗതകക്കുരുക്ക് ഉണ്ടാകാറുണ്ട്. കരുനാഗപ്പള്ളിയിൽ ട്രാഫിക് യൂണിറ്റില്ലാത്തതിനാൽ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിലെ പോലീസുകാരാണ് ഇവിടെ ഗതാഗതം നിയന്ത്രിക്കുന്നത്. അപ്രകാരം പോലീസ് ഉദ്യോഗസ്ഥരെ ട്രാഫിക് ഡ്യൂട്ടിയിൽ നിയോഗിക്കുന്നത് കാരണം ക്രമസമാധാനപാലനത്തിന് വേണ്ടത്ര പോലീസ് ഉദ്യോഗസ്ഥൻമാരെ വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യമാണിപ്പോഴുള്ളത്. ഈ പ്രദേശം ഉൾപ്പെടുന്ന ഓച്ചിറ മുതൽ കണ്ണേറ്റി വരെയുള്ള ഭാഗത്ത് 2012-ൽ 200 റോഡപകടങ്ങളുണ്ടായതിൽ 22 ആളുകൾ മരിക്കുകയും 218 ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തു. 2013-ൽ 185 അപകടങ്ങളിലായി 36 ആളുകൾ മരിക്കുകയും 220 ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തു. 2014 മെയ് 31 വരെ 74 അപകടങ്ങളുണ്ടായതിൽ 23 ആളുകൾ മരിക്കുകയും 78 ആളുകൾക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. ഈ പ്രദേശത്തെ

ഗതാഗതക്കുരുക്ക് യഥാർത്ഥത്തിൽ വലിയപ്രശ്നം തന്നെയായി മാറിയിട്ടുണ്ട്. റോഡപകടങ്ങളുണ്ടായാൽ അതിന് അടിയന്തിരമായി ചികിത്സ നൽകാൻ വേണ്ടി 'സ്മൈൽ' എന്ന ഒരു പുതിയ പദ്ധതി ആരംഭിക്കുകയാണ്. പോലീസിനുതന്നെ ലൈഫ് സേവിംഗ് ഉപകരണങ്ങൾ കൊടുക്കുകയും ആ ഗോൾഡൻ അവറിൽ (golden hour) ചെയ്യേണ്ട എല്ലാ കാര്യങ്ങളും ചെയ്യാൻ കഴിയത്തക്ക നിലയിലുള്ള പരിശീലനവും അവർക്ക് നൽകുകയാണ്. അങ്ങ് പറഞ്ഞ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യം വളരെ പ്രധാനപ്പെട്ടതാണ്. ട്രാഫിക് ഉദ്യോഗസ്ഥൻമാർക്ക് പ്രത്യേക പരിശീലനം നൽകാനുള്ള സംവിധാനത്തെപ്പറ്റി ഗവൺമെന്റ് ആലോചിക്കും. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് കരുനാഗപ്പള്ളിയിൽ ഒരു ട്രാഫിക് യൂണിറ്റ് സ്ഥാപിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. അത് ക്യാബിനറ്റിൽ വച്ച് അടിയന്തിരമായി തീരുമാനമെടുക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കാം.

## ഹാൻഡ്‌ലൂം ഇൻഡസ്ട്രിയൽ പാർക്ക്

ശ്രീ. കെ.എം. ഷാജി: സർ, 'സിറ്റി ഓഫ് ലൂം' എന്നാണ് കണ്ണൂരിനെക്കുറിച്ച് പറയാറുള്ളത്. കണ്ണൂരിലെ പരമ്പരാഗതവ്യവസായമായ കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുംവേണ്ടി അങ്ങയുടെയും ടൂറിസം വകുപ്പുമന്ത്രിയുടെയും താല്പര്യത്തോടുകൂടി 5 കോടിരൂപയുടെ വലിയൊരു പ്രോജക്ടായ ഹാൻഡ്‌ലൂം വില്ലേജ് വരികയാണ്. അതിന്റെ ഭരണാനുമതി ലഭിച്ചുകഴിഞ്ഞു. ഹാൻഡ്‌ലൂം വില്ലേജ് വരുന്നതോടുകൂടി ഈ രംഗം വളരെ സജീവമാകുമെന്ന് ഉറപ്പാണ്. പക്ഷെ,

കൈത്തറിക്ക് വിദേശ സാധ്യത പോലെതന്നെ ആഭ്യന്തര വിപണിയും ഇന്ന് വളരെ സജീവമാണ്. അവിടത്തെ ആളുകൾക്ക് ഉൽപ്പന്നങ്ങൾ മാർക്കറ്റ് ചെയ്യാനുള്ള പ്രയാസമാണ് ആ മേഖല അഭിമുഖീകരിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം. അതുകൊണ്ട് ഹാൻഡ്ലൂം വില്ലേജിന്റെ അടുത്തുതന്നെ ഒരു ഹാൻഡ്ലൂം ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിച്ചാൽ കണ്ണൂരിലെ പരമ്പരാഗതവ്യവസായം നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് ഒരളവുവരെ പരിഹാരം ഉണ്ടാക്കാൻ സാധിക്കും. അതുകൊണ്ട് ഈ സ്ഥലത്ത് ഒരു ഹാൻഡ്ലൂം ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിന് അങ്ങയുടെ ഭാഗത്ത് നിന്നും പരിശ്രമമുണ്ടാകണമെന്നതാണ് എന്റെ സബ്മിഷൻ.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ധനകാര്യവകുപ്പുമന്ത്രി അന്ന് ബഡ്ജറ്റ് പ്രഖ്യാപനം നടത്തിയതാണ് ഹാൻഡ്ലൂം ഗ്രാമം. ആ പദ്ധതി പുരോഗമിക്കുന്നുണ്ട്. അവിടെ ഒരു ഹാൻഡ്ലൂം പാർക്ക് ആവശ്യമാണ്. നമുക്കവിടെ കൈത്തറി ഗ്രാമത്തിനോട് ചേർന്ന് രണ്ടേക്കർ സ്ഥലം വ്യവസായവകുപ്പിന് കിട്ടിയാൽ ഒരു ചെറുകിട ഇടത്തരം വ്യവസായങ്ങൾക്കായി പ്രയോറിറ്റി കൊടുത്ത് കൊണ്ടുപോകുന്ന ബഹുനില വ്യവസായ സമുച്ചയം സ്ഥാപിക്കാവുന്നതാണ്. അതിന് ഗവൺമെന്റ് തയ്യാറാണ്. അദ്ദേഹം പറഞ്ഞതുപോലെ കണ്ണൂരിൽ ഹാൻഡ്ലൂം–ന് വിദേശത്തുനിന്നുംമറ്റും നല്ല രീതിയിൽ ഡിമാന്റ് വരുന്നുണ്ട്. അതിനനുസരിച്ച് മോഡേണായി CALA സ്കീമിൽപ്പെടുത്തി ഒരു ബഹുനില സമുച്ചയം അവിടെ വേണമെങ്കിൽ സ്ഥാപിക്കാൻ സാധിക്കും. അത് ഗവൺമെന്റ് പരിഗണിക്കാം.

## ഫയർ സ്റ്റേഷൻ

ശ്രീ. സി. പി. മുഹമ്മദ്: സർ, പട്ടാമ്പിയിൽ ഒരു ഫയർസ്റ്റേഷൻ സ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമാണ്. പ്രത്യേകിച്ചും പട്ടാമ്പി താലൂക്കായ പശ്ചാത്തലത്തിൽ പ്രത്യേകമായി. ഒരു തീപിടുത്തമോ അത്യാഹിതമോ ഉണ്ടായാൽ പെരിന്തൽമണ്ണയിൽ നിന്നോ ഷൊർണ്ണൂരിൽ നിന്നോ ആണ് ഫയർഫോഴ്സ് എത്തേണ്ടത്. ഭാരതപ്പുഴയിലും കുന്തിപ്പുഴയിലും നിരവധി അപകടങ്ങളുണ്ടാകുന്നു. അതിനാൽ ഈ ഫയർസ്റ്റേഷൻ ഉടൻ തുടങ്ങാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പി.ഡബ്ല്യു.ഡി. യുടെ ടി.ബി. കോമ്പൗണ്ടിൽ ഈ ഫയർസ്റ്റേഷൻ താല്ക്കാലികമായി ഉദ്ഘാടനം ചെയ്യാനുള്ള അനുവാദം അവർ തന്നിട്ടുണ്ട്. വൈകാതെതന്നെ പഞ്ചായത്തോ മറ്റു സംഘടനകളോ ഈ ഫയർസ്റ്റേഷൻ സ്വന്തംസ്ഥലത്ത് തുടങ്ങുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തി നൽകുന്നതാണെന്നും ഞാൻ ഉറപ്പ് നൽകുന്നു. ഈ കാര്യം പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, അടുത്ത അഞ്ചുവർഷത്തിനുള്ളിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ഫയർസ്റ്റേഷനുകളുടെ പട്ടിക 21-12-2011-ലെ സർക്കാർ ഉത്തരവ് 3764/11 ആഭ്യന്തരം പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പട്ടികയിൽ പട്ടാമ്പി ഉൾപ്പെട്ടിട്ടുണ്ടെങ്കിലും നിലവിൽ സ്വന്തമായ സ്ഥലവും കെട്ടിടവും ലഭ്യമായിട്ടില്ല. സ്ഥലവും കെട്ടിടവുമുള്ള സ്ഥലങ്ങളിൽ ഫയർസ്റ്റേഷൻ അനുവദിക്കുന്നതിനാണ് മുൻഗണന നൽകുന്നത്. 07.09.2013-ലെ സർക്കാർ ഉത്തരവ്

നം.1198/13/പി.ഡബ്ല്യു.ഡി. പ്രകാരം പട്ടാമ്പി പി.ഡബ്ല്യു.ഡി. വക പഴയ റസ്റ്റ് ഹൗസ് കോമ്പൗണ്ടിലുള്ള പഴയ ബ്ളോക്ക് ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് താല്ക്കാലികമായി അനുവദിച്ചിട്ടുണ്ടെങ്കിലും സ്ഥിരനിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കുന്നതല്ലായെന്ന നിബന്ധനയുള്ളതിനാൽ ഫയർസ്റ്റേഷന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കാത്ത അവസ്ഥ സംജാതമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സ്വന്തമായ സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് പട്ടാമ്പിയിൽ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കോളേജ് മാഗസിൻ ഭാരവാഹികൾക്കെതിരെ കേസ്

ശ്രീ. ബാബു. എം. പാലിശ്ശേരി: സർ, അല്പം വിവാദമായതും കഴിഞ്ഞ ദിവസം ഇവിടെ പരാമർശിക്കപ്പെട്ടതുമായ വിഷയമാണ്. വളരെ പോസിറ്റീവായിട്ടുള്ള നിലപാടാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. ഞാൻ അതിന് ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. ഗുജറാത്തിൽ മുഖ്യമന്ത്രിയായിരിക്കെ ശ്രീ. നരേന്ദ്ര മോദിയുടെ പ്രവർത്തനങ്ങളെ വിമർശിച്ചുകൊണ്ട് സ്വാഭാവികമായും കോളേജ് മാഗസിനുകളിലെല്ലാം അത്തരം പരാമർശനങ്ങളൊക്കെ വരും. അങ്ങനെ കുന്നംകുളം പോളിടെക്നിക്, ഗുരുവായൂർ ശ്രീകൃഷ്ണകോളേജ് എന്നിവിടങ്ങളിലെ കോളേജ് മാഗസിനിൽ അത്തരം ചില പരാമർശങ്ങൾ വരികയും അതിന്റെ പേരിൽ ഇൻഡ്യയുടെ പലഭാഗത്തും ബി.ജെ.പി. ഗവൺമെന്റ് എടുത്ത ചില സമീപനങ്ങൾ പോലെതന്നെ ഇവിടെയും വിദ്യാർത്ഥി യൂണിയന്റെയും മാഗസിൻ എഡിറ്റർമാരുടെയും അദ്ധ്യാപകന്റെയുമൊക്കെപേരിൽ പോലീസ് കേസെടുത്തിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ആഭ്യന്തര

മന്ത്രി വളരെ കൃത്യമായി ഗവൺമെന്റിന്റെ നയം പ്രഖ്യാപിച്ചു. അതനുസരിച്ച് ആവിഷ്ക്കാരസ്വാതന്ത്ര്യത്തെ അദ്ദേഹം അംഗീകരിക്കുകയാണ് ചെയ്തത്. അത് മനസ്സിലാക്കാതെ പോലീസെടുത്ത കേസുകൾ പിൻവലിക്കാനാവശ്യ മായ ഉത്തരവ് നൽകണം. അതുപോലെ സർക്കാരിന്റെ നയത്തെ തിരിച്ചറി യാതെ ഇത്തരത്തിൽ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും മാനസികമായി പീഡിപ്പിച്ച ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, രണ്ടും രണ്ട് സംഭവങ്ങളാണ്. ഒന്ന് ഗുരുവായൂരിൽ ശ്രീകൃഷ്ണ കോളേജിലെ 2012–13–ലെ മാഗസിനിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, മുൻ പ്രധാനമന്ത്രി മൻമോഹൻസിംഗ്, കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, മാതാ അമൃതാനന്ദമയി തുടങ്ങിയവരെ പരാമർശിച്ചുകൊണ്ട് പദപ്രശ്നം പ്രസിദ്ധീക രിച്ചിരുന്നു. മാഗസിനിലെ ഈ പദപ്രശ്നം നാട്ടിൽ വർഗ്ഗീയത വളർത്തി ക്രമസമാധാനം തകർക്കണമെന്ന ഉദ്ദേശത്തോടും കരുതലോടും മന:പൂർവ്വം പ്രസിദ്ധീകരിച്ചതാണെന്ന് ആരോപിച്ച് മാഗസിൻ പിടിച്ചെടുത്ത് അതിന്റെ പിന്നിൽ പ്രവർത്തിച്ചവരുടെ പേരിൽ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബി.ജെ.പി. ജില്ലാ മീഡിയ സെൽ കൺവീനർ രാജൻ തറയിൽ, ഗുരുവായൂർ പോലീസ് സ്റ്റേഷനിൽ പരാതി നൽകി. ആ പരാതിയുടെ അടിസ്ഥാനത്തിൽ സ്റ്റുഡന്റ്സ് എഡിറ്റർ വിപിൻരാജ്, സബ്എഡിറ്റർമാരായ ഷിഹാദ്, ആഷിഖ്,

സജിൻ, ലെനിൻ, വിഷ്ണു, സഹിൽ, അൽസിൻ.കെ.ബെന്നി, അഡ്വൈസറി ബോർഡംഗങ്ങളായ സനൂപ്, സജീവ്, സുബിൻദാസ്, സ്റ്റാഫ് എഡിറ്റർ പ്രൊഫ. സന്തോഷ് എന്നീ 11 പേരെ പ്രതികളാക്കി ഐ.പി.സി. 153/500, 501, 504, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 915/14 ആയി 13.06.2014-ലെ ഗുരുവായൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. ഈ കേസ് ഗുരുവായൂർ സബ്ഇൻസ്പെക്ടർ അന്വേഷിച്ചുവരികയാണ്. 9 പ്രതികളെ അറസ്റ്റ് ചെയ്ത് പിന്നീട് സ്റ്റേഷൻ ജാമ്യത്തിൽ വിട്ടിട്ടുള്ളതാണ്. സുബിൻദാസിനെയും പ്രൊഫ. സന്തോഷിനെയും സ്ഥലത്തില്ലാത്തതിനാൽ അറസ്റ്റ് ചെയ്തില്ല. കുന്നംകുളം കീഴൂർ പോളിടെക്നിക്കിൽ 2013-ലെ കോളേജ് മാഗസിനിൽ 'നെഗറ്റീവ് ഫെയ്സസ്' എന്ന തലക്കെട്ടിന്റെ പേജിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഫോട്ടോ, ഒസാമ ബിൻലാദൻ, അജ്മൽ കസബ്, പുലി പ്രഭാകരൻ, ഹിറ്റ്ലർ തുടങ്ങിയവരുടെ കൂട്ടത്തിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചു. ഇത് പ്രധാനമന്ത്രിയെ അപകീർത്തിപ്പെടുത്തിയ പ്രവർത്തിയാണെന്ന് ആരോപിച്ചും അതിന്മേൽ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടും കുന്നംകുളം യുവമോർച്ച പ്രസിഡന്റ് സുഭാഷ് കുന്നംകുളം പോലീസ് സ്റ്റേഷനിൽ ഹാജരായി നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ കോളേജ് പ്രിൻസിപ്പലും ചീഫ് എഡിറ്ററുമായ എം.എൻ. കൃഷ്ണൻകുട്ടി, സ്റ്റാഫ് എഡിറ്ററും അദ്ധ്യാപകനുമായ ഗോപി, പ്രവീൺ, സബ്എഡിറ്റർ വിദ്യാർത്ഥികളായ നിഖിൽ, സിസ്ബൻ ജെയിംസ്, ശ്യാം, മാഗസിൻ പ്രിന്റ് ചെയ്ത പ്രസ്റ്റോ ഡിസൈനേഴ്സ് എന്നീ സ്ഥാപനത്തിന്റെ ഉടമ എന്നിവർക്കെതിരെ കേസെടുത്തിട്ടുണ്ട്. പ്രതികളെയെല്ലാം അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടിട്ടുള്ളതാണ്. ഈ കാര്യത്തിൽ ഗവൺമെന്റ് സമീപനം എസ്.എഫ്.ഐ. യുടെ നേതൃത്വത്തി

ലുള്ള കോളേജാണെങ്കിലും കോളേജ് മാഗസിനിൽ അഭിപ്രായപ്രകടനം നടത്തുന്നതിൽ തെറ്റൊന്നുമില്ല. ഗവൺമെന്റ് നയം അത്തരം ആവിഷ്ക്കാര സ്വാതന്ത്ര്യങ്ങളെ മാനിക്കുക എന്നുള്ളതാണ്. പക്ഷെ, നമ്മൾ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ ആരെയും ഏതുതരത്തിലും ചിത്രീകരിക്കുന്നത് ശരിയായ നടപടിയല്ല. കാരണം വളരെ മോശമായുള്ള ചിത്രീകരണങ്ങൾ ഒഴിവാക്കുന്നത് പലതരത്തിലുള്ള സാമൂഹ്യപ്രശ്നങ്ങൾ ഒഴിവാക്കാൻ സഹായിക്കുമെന്നൊരഭിപ്രായംകൂടി എനിക്കുണ്ട്. ഏതായാലും ശരി ഈ കാര്യത്തെപ്പറ്റി തൃശ്ശൂർ ഐ.ജി. ശ്രീ. ദർബേശ് സാഹിബിനോട് അന്വേഷി ക്കാൻ പറഞ്ഞിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയശേഷം സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്.

## തമിഴ് ലിങ്ഗ്വിസ്റ്റിക് മൈനോറിറ്റി സ്കൂൾ

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഏതാണ്ട് അറുപത് വർഷങ്ങൾക്ക് മുമ്പ് ചിത്തിരപുരം എന്ന സ്ഥലത്ത് ഒരു ഹൈസ്കൂൾ തുടങ്ങിയിരുന്നു. അവിടെ കുട്ടികളുടെ എണ്ണം കുറവായതുകൊണ്ട് ചില ക്ലാസ്സ് മുറികൾ ഒഴിഞ്ഞു കിടക്കുകയും നശിച്ചുകൊണ്ടിരിക്കുകയും ചെയ്യുകയാണ്. മൂന്ന് കൊല്ലം മുമ്പ് പട്ടികജാതി വകുപ്പ് അവിടെ ഒരു പോളിടെക്നിക്ക് തുടങ്ങുന്നതിന് അനുവാദം കൊടുത്തിരുന്നു. ഇപ്പോൾ തൊഴിൽവകുപ്പുമന്ത്രി ലിങ്ഗ്വിസ്റ്റിക് മൈനോറിറ്റിക്ക് അനുവദിച്ചിട്ടുള്ള ഐ.ടി.ഐ. ആ കെട്ടിടത്തിൽ തുടങ്ങുന്ന തിന് അനുവാദം നൽകിക്കൊണ്ടുള്ള ഒരു ഉത്തരവ് നൽകണമെന്നും അതുപോലെതന്നെ പ്ലാന്റേഷൻ ആക്ട് പ്രകാരമുള്ള തോട്ടം മേഖലകളിൽ എൽ.പി., യു.പി. സ്കൂളുകൾ പുതിയ പാറ്റേൺ അനുസരിച്ചാണെങ്കിലും

നിലനിർത്തുന്നതിനുവേണ്ടി നടപടി സ്വീകരിക്കാനുമുള്ള ഉത്തരവുണ്ടാകണമെന്നുമാണ് എന്റെ അഭ്യർത്ഥന.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, തോട്ടം മേഖലയിലെ തമിഴ് ലിങ്ക്വിസ്റ്റിക് മൈനോറിറ്റി സ്കൂളുകളിൽ എത്ര സ്കൂളുകളെയാണ് പുതിയ മാനദണ്ഡപ്രകാരമുള്ള അടച്ചുപൂട്ടൽ ഭീഷണിയിൽ നിന്ന് ഒഴിവാക്കി നൽകിയിട്ടുള്ളതെന്നതുസംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്ന പ്രക്രിയ ഇനിയും പൂർത്തിയായിട്ടില്ല. മൂന്നാർ ടി.ടി.ഐ. പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങളില്ലാത്തതിനാൽ ഗവൺമെന്റ് ഹൈസ്കൂളിന്റെ വക കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ചിത്തിരപുരം സ്കൂളിന് ഉപയോഗമില്ലാത്ത കെട്ടിടങ്ങളുണ്ട്. പക്ഷെ മൂന്നാർ ടി.ടി.ഐ. മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകളൊന്നും ലഭിച്ചിട്ടില്ല. എങ്കിലും ടി.ടി.ഐ. എത്രയുംവേഗം മാറ്റിസ്ഥാപിക്കേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു. അതേസമയം ചിത്തിരപുരം സ്കൂളിലെ ഒഴിഞ്ഞ കെട്ടിടം ടി.ടി.ഐ.യ്ക്ക് വിട്ടുകൊടുക്കുന്നതിനുവേണ്ടി ടെക്നിക്കൽ ഹയർ സെക്കൻഡറി അധികൃതരും പഞ്ചായത്ത് അധികൃതരും സ്കൂൾ സന്ദർശിച്ച് വിവരശേഖരണം നടത്തിയതായി അറിയിച്ചിട്ടുണ്ട്. ചുരുക്കത്തിൽ മൂന്നാർ ടി.ടി.ഐ. സൗകര്യപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള സഹായകമായ നടപടികൾ സ്വീകരിച്ചുവരികയാണെന്നുള്ള വിവരം അറിയിക്കുന്നു.

## അനദ്ധ്യാപക തസ്തികകൾ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ 1998–നുശേഷം നിരവധി കോഴ്സുകളും അവയ്ക്കുവേണ്ട

അദ്ധ്യാപക തസ്തികകളും അനുവദിക്കുകയുണ്ടായി. എന്നാൽ 1998-നു ശേഷം പ്രസ്തുത കോളേജുകളിൽ അദ്ധ്യാപക തസ്തികകൾ വന്നെങ്കിലും അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയോ സ്റ്റാഫ് പാറ്റേൺ പുതുക്കുകയോ ചെയ്തില്ല. ഇതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ നിയോഗിച്ച പ്രൊഫ. രവീന്ദ്രനാഥ് ചെയർമാനായ ഒരു സമിതിയുടെ റിപ്പോർട്ട് സർക്കാരിന്റെ കൈവശമുണ്ട്. പുതിയ കോഴ്സുകൾക്കാനുപാതികമായി മറ്റ് സ്റ്റാഫുകളെ നിയമിക്കാത്തതുമൂലം ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ പ്രതിസന്ധി നിലനിൽക്കുകയാണ്. ലബോറട്ടറി, ലൈബ്രറി മുതലായ മേഖലകളിലൊന്നും ആവശ്യത്തിന് ജീവനക്കാരില്ല. അനദ്ധ്യാപക മേഖലയിലുള്ള എല്ലാ ജീവനക്കാരുടേയും യൂണിയനുകളുടേയും സംയുക്ത സമരസമിതി പ്രക്ഷോഭത്തിലേയ്ക്ക് പോവുകയാണ്. 27-ാം തീയതി അവർ സെക്രട്ടേറിയറ്റ് മാർച്ച് നടത്തുകയാണ്. ആയതിനാൽ പുതിയ കോഴ്സുകളുണ്ടാവുകയും കോഴ്സുകളിൽ അദ്ധ്യാപകരെ നിയമിക്കുകയും ചെയ്തിട്ടും അനദ്ധ്യാപകരില്ലാതെ ആ മേഖലയിലുണ്ടാകുന്ന സ്തംഭനാവസ്ഥ പരിഹരിക്കാൻ ആനുപാതികമായി അനദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലേയും സർക്കാർ കോളേജുകളിലേയും യൂണിവേഴ്സിറ്റികളിലേയും അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാരുടെ അതായത് അനദ്ധ്യാപക ജീവനക്കാരുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച്

പ്രൊഫ.രവീന്ദ്രനാഥ് ചെയർമാനായി രൂപീകരിച്ച കമ്മിറ്റി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനുവേണ്ടി തയ്യാറാക്കിയ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. ഈ റിപ്പോർട്ടിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറും നാല് സർവകലാശാലകളും അവരുടെ അഭിപ്രായം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ അഭിപ്രായംകൂടി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. എന്നാൽ ഈ റിപ്പോർട്ട് സർക്കാരിന് ലഭിക്കുന്നതിനു മുമ്പു തന്നെ സ്വകാര്യ എയ്ഡഡ് കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതിന് സർക്കാർ നടപടി ആരംഭിച്ചുകഴിഞ്ഞു. 1997-ൽ പ്രീ-ഡിഗ്രി കോളേജുകളിൽനിന്ന് വേർപെടുത്തിയതിനെത്തുടർന്ന് സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചിരുന്നു. 1998-നുശേഷം അനുവദിച്ചിട്ടുള്ള കോഴ്സുകളുടെ ജോലിഭാരം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് പരിഗണിച്ചിട്ടുള്ള സാഹചര്യത്തിൽ ടി കോഴ്സുകൾ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് പരിഗണിക്കണമെന്ന ആവശ്യത്തെത്തുടർന്ന് അത്തരത്തിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുമ്പോഴുണ്ടാകുന്ന തസ്തികകളുടെ എണ്ണം, ഉടലെടുക്കുന്ന അധിക സാമ്പത്തിക ബാധ്യത എന്നിവ സംബന്ധിച്ച വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതുപ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ 08.04.2013-ൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ വ്യവസ്ഥകൾക്കുവിധേയമായി അനുവദിച്ച കോഴ്സുകളുടെ അടിസ്ഥാനത്തിൽ അനദ്ധ്യാപക തസ്തികകൾ അധികമായി സൃഷ്ടിക്കുന്നതിനായി വിവിധ ഡെപ്യൂട്ടി ഡയറക്ടർ

മാരിൽനിന്നും സ്വരൂപിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആകെ 1371 അധിക തസ്തികകൾ സൃഷ്ടിക്കേണ്ടതായും ആയതിലേയ്ക്കായി ആകെ 11,98,77,887/- രൂപ അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതാണെന്നും അറിയിച്ചിരുന്നു. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിൽ ഓരോ സ്വകാര്യ കോളേജിൽനിന്നും പ്രത്യേകം പ്രത്യേകം അപേക്ഷ വാങ്ങി വ്യക്തമായ ശുപാർശകൾ സഹിതം ഫയൽ സമർപ്പിക്കുന്ന തിന് ധനകാര്യവകുപ്പ് ആവശ്യപ്പെടുകയുണ്ടായി. ഇതിനെത്തുടർന്ന് സംസ്ഥാ നത്തെ എല്ലാ സ്വകാര്യകോളേജുകളിൽനിന്നും പ്രത്യേകം പ്രത്യേകം അപേക്ഷ വാങ്ങി പരിശോധിച്ച് ക്രോഡീകരിച്ച റിപ്പോർട്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ടിൽ സ്വകാര്യകേളേജുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരണംമൂലം സർക്കാരിന് പ്രതിവർഷം 28,35,60,046/- രൂപയുടെ അധിക ബാധ്യതയുള്ള തായാണ് കണക്കാക്കിയിട്ടുള്ളത്. ഈ റിപ്പോർട്ട് ലഭിച്ചതിനെത്തുടർന്ന് കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുമായി 28.03.2014-ൽ ഒരു ചർച്ച സർക്കാർ തലത്തിൽ നടത്തുകയുണ്ടായി. ഈ ചർച്ചയിൽ ഉരുത്തിരി ഞ്ഞുവന്ന അഭിപ്രായത്തിന്റെ വെളിച്ചത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പി ക്കുന്നതിന് 29.04.2014-ൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് വീണ്ടും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ധനകാര്യവകുപ്പു മായി കൂടിയാലോചിച്ച് ഈ വിഷയത്തിൽ ഉചിതമായ തീരുമാനം സർക്കാർ എടുക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ് നവീകരണം

ശ്രീ. ഹൈബി ഈഡൻ: സർ, എറണാകുളം നഗരത്തിന്റെ ഹൃദയ ഭാഗത്ത് സ്ഥിതിചെയ്യുന്ന വളരെ പുരാതനമായിട്ടുള്ള ഒരു കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡാണ് എറണാകുളം ബോട്ട് ജെട്ടിയോട് ചേർന്നിട്ടുള്ളത്. ഇന്നത് വളരെ പരിതാപകരമായ ഒരു അവസ്ഥയിലാണ്. സ്ലാബുകളെല്ലാം പൊട്ടി പൊളിഞ്ഞ്, യാത്ര ചെയ്യുന്ന ട്രാൻസ്പോർട്ട് ബസു പോലും അതിന്റെ കീഴ്ഭാഗം ഈ സ്ലാബുകളിൽ തട്ടുന്ന ഒരവസ്ഥ; അതുപോലെ മഴക്കാലത്ത് ഏറ്റവുമധികം വെള്ളക്കെട്ട് ഉണ്ടാകുകയും അരപ്പൊക്കം വെള്ളത്തിൽ യാത്രക്കാർ പോകേണ്ട ഒരു സ്ഥിതി വിശേഷവു മുണ്ട്. എറണാകുളം ഭാഗത്തുനിന്നും ഫോർട്ട് കൊച്ചി, വൈപ്പിൻ പ്രദേശങ്ങ ളിലേയ്ക്ക് പോകുന്നതിന് ബോട്ട് സർവ്വീസ് നടത്തുന്നുണ്ട്. സെൻട്രൽ ടൂറിസം ഫണ്ടിൽ നിന്നും 10 കോടി രൂപ മുടക്കി അവിടെയൊരു വലിയ ജല ഹബ്ബ് നിർമ്മിച്ചു. അതും വാട്ടർ ട്രാൻസ്പോർട്ടിനുവേണ്ടി ഇഫക്ടീവായി ഉപയോഗിച്ചുവരികയാണ്. വിദേശികളടക്കം ഒരുപാട് ടൂറിസ്റ്റുകൾ ഈ ജെട്ടി ഉപയോഗിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ പരിതാപകരമായ, ശോചനീയ മായ അവസ്ഥ മാറേണ്ടതുണ്ട്. ‘അരികെ’ എന്നുപറയുന്ന എന്റെ ഓഫീസിന്റെ ഓട്ടോമാറ്റഡ് റെസ്പോൺസ് സിസ്റ്റം – 24 മണിക്കൂറും പരാതി പ്പെടാൻ കഴിയുന്ന ഒരു സിസ്റ്റത്തിൽ ഏറ്റവും കൂടുതൽ പരാതികൾ വന്നത് ഈ ബോട്ട് ജെട്ടിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടിട്ടാണ്. ഇത് ടൂറിസം ഡിപ്പാർട്ടുമെന്റ് ഇതിന് ഫണ്ട് മുടക്കാൻ തയ്യാറാണ്. ഇതിന്റെ അടുത്തുള്ള സ്ഥലങ്ങൾ ഫുട്ട്പാത്തുംമറ്റും ടൈൽ ചെയ്ത് നല്ല് വൃത്തിയായി സൂക്ഷിക്കുന്നുണ്ട്. സംസ്ഥാന ഗതാഗത വകുപ്പ് ഇതിനുള്ള എൻ.ഒ.സി.

നൽകിയാൽ ടൂറിസം ഡിപ്പാർട്ടുമെന്റ് ഫണ്ട് മുടക്കി നല്ല രീതിയിൽ ടൈൽ ചെയ്യാൻ തയ്യാറാണ്. അതിനുവേണ്ടുന്ന അനുമതിയാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അവിടത്തെ യാത്രക്കാരെ സംബന്ധിച്ച് വളരെ സഹായകരമായ ഒരു കാര്യമായിരിക്കും. അതിന് സംസ്ഥാന ഗതാഗത വകുപ്പിന്റെ ഭാഗത്തുനിന്നും അനുകൂലമായ ഒരു നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പംതന്നെ ടൂറിസം ഡിപ്പാർട്ടുമെന്റും അതിൽ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട ശ്രീ. ഹൈബി ഈഡൻ വച്ച നിർദ്ദേശം പ്രത്യക്ഷത്തിൽ തന്നെ ഞാൻ അംഗീകരിക്കുകയാണ്. ഒന്ന്, അത് മെച്ചപ്പെടുത്തുന്നതിനുവേണ്ടി ടൂറിസം ഡിപ്പാർട്ടുമെന്റ് പണം മുടക്കാം എന്നുപറഞ്ഞാൽ പിന്നെ ഗതാഗത വകുപ്പിനെ സംബന്ധിച്ചിടത്തോളം ഫെസിലിറ്റി കൊടുത്താൽ മതി. ആ സൗകര്യങ്ങൾ കൊടുക്കാൻ ഒരുക്കമാണ്. അതിന് ടൂറിസം ഡിപ്പാർട്ടുമെന്റിൽ നിന്നും ഒഫിഷ്യലായി ഗതാഗത വകുപ്പിലേയ്ക്ക് നിർദ്ദേശം വരണം. ആ നിർദ്ദേശം വന്നാൽ ടൂറിസം ഡിപ്പാർട്ടുമെന്റുമായി ആലോചിച്ച് ആവശ്യമായ രീതിയിൽ വളരെ മോഡേണായ – ആ സ്ഥലം സത്യത്തിൽ വളരെ ഉപകാരപ്രദവും നല്ല സ്ഥലവുമാണ്. അത് കൂടുതൽ വാല്യു ആഡഡ് ആയി ഉപയോഗിക്കത്തക്കവിധത്തിൽ രണ്ട് ഡിപ്പാർട്ടുമെന്റുകളുംകൂടി ആലോചിച്ച് ശ്രീ. ഹൈബി ഈഡന്റെ മനസ്സിലുള്ള സാങ്കൽപ്പിക പദ്ധതിക്ക് എല്ലാ പിന്തുണയും കെ.എസ്.ആർ.ടി.സി.യുടെ ഭാഗത്ത് നിന്നും ഉണ്ടാകും.

പട്ടികജാതി–പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): ഇതിനോടകം തന്നെ കെ.എസ്.ആർ.ടി.സി.യും ബന്ധപ്പെട്ട വകുപ്പുമായും ഒരു യോഗം നടത്തുക യുണ്ടായി. എം.എൽ.എ പറഞ്ഞതുപോലെ എത്രയും പെട്ടെന്ന് പദ്ധതി ആവിഷ്ക്കരിച്ച് അനുമതി ലഭ്യമാക്കിയാൽ അത് നടപ്പിലാക്കുന്നതിന് ആവശ്യ മായ ഫണ്ട് ടൂറിസം ഡിപ്പാർട്ടുമെന്റ് നൽകുന്നതാണ്.

## കണ്ടശ്ശാം കടവിൽ സ്ഥിരം പവിലിയൻ

ശ്രീ. പി. എ. മാധവൻ: സർ, കേരളത്തിലെ ജലോത്സവങ്ങളിൽ ഏറെ പ്രശസ്തമായ ജലോത്സവമാണ് കണ്ടശ്ശാംകടവ് ജലോത്സവം. അര നൂറ്റാണ്ടി ലേറെയായി ഒരു പ്രദേശത്തിന്റെയാകെ ഉത്സവമായി തുടരുന്ന കണ്ടശ്ശാംകടവിലെ ജലോത്സവം ഇപ്പോൾ പതിനായിരങ്ങളെ ആകർഷിക്കുന്ന ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി വള്ളംകളിയായി എന്നതുതന്നെ അതിന്റെ പ്രാധാന്യം വിളിച്ചോതുന്നതാണ്. അത്തം നാൾ മുതൽ തിരുവോണംവരെ യുള്ള പത്ത് ദിവസങ്ങളിലായി വിപുലമായ സാംസ്ക്കാരിക പരിപാടികളും രണ്ട് ദിവസത്തെ ജലോത്സവവുമായിട്ടാണ് ഇവിടെ ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നത്. കണ്ടശ്ശാംകടവ് ബോട്ട് ജെട്ടിയോട് ചേർന്ന് നിലവിലുള്ള മൈതാനത്ത് താല്ക്കാലികമായി നിർമ്മിക്കുന്ന പവലിയനിലാണ് ജലോത്സവ ത്തിനെത്തുന്ന ആയിരങ്ങൾ എത്തിച്ചേരുന്നത്. ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി വള്ളംകളി കണ്ടശ്ശാംകടവ് ജലോത്സവത്തിന് ടൂറിസം വകുപ്പിന്റെ പ്രോത്സാഹനവും സഹായവും ഇക്കാലമത്രയും ലഭിച്ചുവരുന്നുണ്ട്. വാട്ടർ സ്പോർട്സ് പ്രത്യേകിച്ചും കനോയിംഗ്, കയാക്കിംഗ് പോലെയുള്ളയിനങ്ങൾ പരിശീലിപ്പിക്കുന്നതിനുള്ള വളരെ സൗകര്യപ്രദമായൊരു സ്ഥലംകൂടിയാണ്

ഈ പ്രദേശം. ഒരു ടൂറിസം ഡെസ്റ്റിനേഷനായി ഈ സ്ഥലത്തെ പ്രഖ്യാപിക്കണമെന്നും ഇപ്പോഴുള്ള കണ്ടശ്ശാംകടവ് ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി ജലോത്സവവേദി ആകർഷകമായ ഒരു സ്ഥിരം പവലിയൻ നിർമ്മിക്കുന്നതിന് അനുകൂലമായ നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട ടൂറിസം വകുപ്പു മന്ത്രിയുടെ ഭാഗത്തുനിന്ന് അനുകൂലവും അടിയന്തിരവുമായ നടപടിയുണ്ടാകണമെന്നുമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്തിലെ കണ്ടശ്ശാംകടവിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി ചീഫ് മിനിസ്റ്റേഴ്സ് ട്രോഫിക്കുവേണ്ടിയുള്ള വള്ളംകളി മത്സരം നടത്തിവരുന്നുണ്ട്. ഈ വള്ളംകളി മത്സരത്തിന് ടൂറിസം വകുപ്പ് പരമാവധി സഹായം നൽകിവരുന്നു. കണ്ടശ്ശാംകടവ് വള്ളംകളി നടക്കുന്ന പ്രദേശത്ത് ആയിരക്കണക്കിന് വിദേശികളുൾപ്പെടെയുള്ള ആളുകൾ വള്ളംകളി കാണാൻ എത്താറുണ്ട് എന്നാണ് ശ്രീ. പി. എ. മാധവൻ ഇവിടെ സൂചിപ്പിച്ചത്. അവർക്ക് ആവശ്യമായ സൗകര്യമൊരുക്കുന്ന ഒരു ഗ്യാലറി നിർമ്മിക്കണമെന്ന് അദ്ദേഹം നേരത്തേതന്നെ ആവശ്യപ്പെട്ടിട്ടുണ്ട്. അതിനുള്ള നടപടികൾ എടുത്തുവരുന്നു. അതിനുവേണ്ട റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയാലുടൻ കണ്ടശ്ശാംകടവ് വള്ളംകളി പ്രദേശത്ത് ഗ്യാലറി നിമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## ലഹരി വിരുദ്ധ ക്ലബുകൾ

ശ്രീ. ടി. വി. രാജേഷ്: സർ, വിദ്യാർത്ഥികളിൽ പലതരം ലഹരി വസ്തുക്കളുടെ ഉപയോഗം അപകടകരമാംവിധം വർദ്ധിച്ചുവരികയാണ്. ഇതുസംബന്ധിച്ച് വളരെ ഞെട്ടലുളവാക്കുന്ന വാർത്തകളും വിവരങ്ങളുമാണ് നിത്യേന നമ്മുടെ കൺമുന്നിലെത്തുന്നത്. പുകവലി, മദ്യപാനം, പാൻ മസാല, വേദനസംഹാരികൾ, മയക്കുമരുന്നുകൾ, വിവിധതരം ടോണിക്കുകൾ കുത്തിവയ്പ്പുകൾ തുടങ്ങിയവ ഉപയോഗിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും വർദ്ധിച്ചുവരികയാണ്. വിദ്യാലയങ്ങളുടെ പരിധിക്കുള്ളിൽത്തന്നെ പലതരം ലഹരിവസ്തുക്കൾ വിൽക്കപ്പെടുന്നുണ്ടെങ്കിലും അത് തടയാൻ പ്രാദേശിക ഭരണസംവിധാനത്തിന് വേണ്ടത്ര കഴിയുന്നില്ല. ഇതിന് എക്സൈസ് വകുപ്പിനും പരിമിതിയുണ്ട്. എക്സൈസ് വകുപ്പിന് ഇക്കാര്യത്തിൽ കൂടുതൽ അധികാരങ്ങൾ നൽകാൻ തയ്യാറാവണം. മയക്കുമരുന്ന് കേസിൽ പിടിക്കപ്പെടുന്നവർക്ക് small quantity, medium quantity, large quantity എന്നിങ്ങനെ തരംതിരിച്ച് മൂന്ന് തരത്തിലാണ് ശിക്ഷ നൽകുന്നത്. ജാമ്യം ലഭിക്കാവുന്ന വളരെ നിസ്സാരമായ വകുപ്പാണ് ഇതിനുള്ളത്. ജാമ്യം ലഭിക്കാത്ത കടുത്ത വകുപ്പുകൾ ഈ കേസുകളിൽ ചുമത്തേണ്ടതുണ്ട്. കേന്ദ്ര നിയമമാണ് അതിനുള്ള തടസ്സമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ നിയമത്തിൽ ഭേദഗതി വരുത്തേണ്ടതായിട്ടുണ്ട്. സ്മാൾ ക്വാണ്ടിറ്റിയാണെങ്കിലും നോൺ ബെയ്ലബിൾ ഒഫൻസായി മാറേണ്ടതായിട്ടുണ്ട്. അർബുദംപോലുള്ള മാരകമായ രോഗങ്ങൾക്കുള്ള വേദനസംഹാരികൾ വിദ്യാർത്ഥിനികളുൾപ്പെടെയുള്ളവർ സ്കൂൾ പരിസരങ്ങളിലുള്ള മെഡിക്കൽ ഷോപ്പുകളിൽനിന്നും വാങ്ങി ലഹരിവസ്തുക്കളായി ഉപയോഗിക്കുകയാണ്. ഭീതിജനകമാംവിധമുള്ള അത്തരം സംഭവങ്ങൾ നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരികയാണ്. അതുകൊണ്ട്

വാർഡ് മെമ്പർ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അംഗം, എക്സൈസ്, പോലീസ്, പി.റ്റി.എ., വിദ്യാർത്ഥി പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ഒരു സ്ക്വാഡ് രൂപീകരിക്കണം. ആ സ്ക്വാഡ് മരുന്നുകടകളിൽ മിന്നൽ പരിശോധന നടത്തുകയും വിദ്യാർത്ഥികൾക്ക് ഇത്തരത്തിലുള്ള ഗുളികകൾ നൽകുന്ന മരുന്നുകടകളുടെ ലൈസൻസ് റദ്ദാക്കുകയും വേണം. അതോടൊപ്പംതന്നെ എല്ലാ വിദ്യാലയങ്ങളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ ഉണ്ടാക്കണമെന്ന് ഡോ. രാധാകൃഷ്ണൻ കമ്മീഷൻ ശുപാർശ ചെയ്തതാണ്. എന്നാൽ വിരലിലെണ്ണാവുന്ന വിദ്യാലയങ്ങളിൽ മാത്രമേ അത്തരമൊരു ക്ലബ് ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ, അത് എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കാൻ തയ്യാറാകണം. അതോടൊപ്പംതന്നെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് നൽകുന്നതുപോലെ ലഹരി വിരുദ്ധ ക്ലബ്ബിൽ അംഗങ്ങളായ വിദ്യാർത്ഥികൾക്കും ഗ്രേസ് മാർക്കുപോലുള്ള പ്രോത്സാഹനങ്ങൾ നൽകി ഈ ക്ലബ്ബിന്റെ പ്രവർത്തനം സജീവമാക്കുന്ന കാര്യം സർക്കാർ പരിഗണിക്കേണ്ടതാണ്. വിദ്യാലയ പരിസരങ്ങളിൽ നിന്ന് ലഹരി വസ്തുക്കൾ പൂർണ്ണമായും നിർമ്മാർജനം ചെയ്യുന്നതിന് ആവശ്യമായ ശക്തമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി (ശ്രീ.കെ. ബാബു): സർ, വളരെ ഗൗരവമുള്ള പ്രശ്നമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇന്ന് കേരള സമൂഹം വളരെ ഗൗരവമായി ഈ പ്രശ്നം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. യുവ തലമുറയാണ് ലഹരിയിലേയ്ക്ക് വേഗത്തിൽ ആകൃഷ്ടരായി മാറുന്നത്, പ്രത്യേകിച്ച് വിദ്യാർത്ഥി

കൾ. അതുകൊണ്ട് ശക്തമായ ബോധവൽക്കരണത്തിലൂടെയും കർശനമായ നിയന്ത്രണത്തിലൂടെയും മദ്യവർജ്ജനവും ലഹരി വരുദ്ധ പ്രവർത്തനങ്ങളും പ്രാവർത്തികമാക്കി ആത്യന്തികമായി മദ്യലഭ്യതയ്ക്ക് അറുതി വരുത്തുക യെന്നതാണ് പ്രായോഗികമായി പരക്കെ അംഗീകരിക്കപ്പെട്ട സമീപനം. ഈ സർക്കാർ അധികാരത്തിലേറിയതുമുതൽ മദ്യത്തിന്റെ വ്യാപകമായ ലഭ്യത കുറയ്ക്കുന്നതിനും മദ്യവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും മുഖ്യപ്രാധാന്യം നൽകി വരുന്നു. ബോധവൽക്കരണ പ്രവർത്തന ങ്ങൾക്കുവേണ്ടി ഏകദേശം മൂന്നുകോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. മദ്യപാനം സമൂഹത്തിലും വ്യക്തിയിലും കുടുംബത്തിലും ആരോഗ്യത്തിലും വരുത്തുന്ന ദോഷവശങ്ങളെക്കുറിച്ച് സമഗ്ര പഠനം നടത്തുവാൻ സബ്ജക്ട് കമ്മിറ്റി 8-ന്റെ ശുപാർശ പ്രകാരം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡിപ്പാർട്ടുമെന്റ് ഓഫ് കമ്മ്യൂണിറ്റി മെഡിസിൻ തലവൻ ഡോ. വിജയകുമാ റിന്റെ നേതൃത്വത്തിൽ വിദഗ്ദ്ധ സമിതിയെ സർക്കാർ നിയമിച്ചു. ഇതിന്റെ ചെലവിനായി 20,36,000 രൂപയുടെ പ്രോജക്ട് അംഗീകരിച്ചിട്ടുണ്ട്. മൂന്ന് ഘട്ട മായി തുക നൽകാനും തീരുമാനിച്ചിട്ടുണ്ട്. പുതിയ തലമുറയെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിൽനിന്നും അകറ്റി നിർത്തേണ്ടത് സമൂഹത്തിന്റെ നിലനിൽപ്പിന് അനിവാര്യമാണ്. ഈ ദിശയി ലേയ്ക്ക് ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒട്ടനവധി പദ്ധതികൾ ഈ ഗവൺമെന്റ് നടപ്പാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പാൻ പരാഗ് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് നിരോധിച്ചത്. സ്കൂളു കൾക്കും കോളേജുകൾക്കും ചുറ്റുമുള്ള കച്ചവടസ്ഥാപനങ്ങളിലെ പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പനയും നിരോധിച്ചിട്ടുണ്ട്. ഡോ. കെ.എസ്. രാധാകൃ

ഷ്ണൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരം 29.08.2011-ലാണ് നമ്മുടെ സംസ്ഥാനത്ത് ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് തുടക്കം കുറിച്ചത്. സ്കൂളുകൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ സ്ഥാപിച്ച് നടത്തിവരുന്ന പ്രവർത്തനം വളരെ വിജയകരമാണെന്ന് നിരീക്ഷിച്ചിട്ടുണ്ട്. ഇതിനകം തന്നെ 1100 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി വിരുദ്ധ ക്ലബുകൾക്ക് രൂപം നൽകാൻ എക്സൈസ് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റ്, കുടുംബശ്രീ, എൻ.എസ്.എസ്., റെസിഡന്റ്സ് അസോസിയേഷനുകൾ മറ്റ് സന്നദ്ധ സംഘടനകൾ എന്നിവ വഴിയും ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 09.12.2013 മുതൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ കോളേജ് തലത്തിൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്. ഈ വർഷം സംസ്ഥാനത്തെ എല്ലാ കോളേജുകളിലും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കും. 2013-14 വർഷം ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനത്തിനായി ഏകദേശം മുപ്പത് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഓരോ ക്ലബ്ബിനും ചെറിയ സഹായം നൽകിക്കൊണ്ടിരിക്കുന്നുണ്ട്, അത് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്. അതുപോലെ എൻ.എസ്.എസ്.-ന്റെ പ്രവർത്തനത്തിന് 10.37 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ അതിജീവനം എന്ന കൈപ്പുസ്കത്തിന്റെ മുപ്പതിനായിരം പകർപ്പുകൾ ഇതിനകം തന്നെ അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. ലഹരി മരുന്ന് കൈവശം വയ്ക്കുന്നവർക്ക് നൽകുന്ന ശിക്ഷ സംബന്ധിച്ച് ശ്രീ. റ്റി. വി. രാജേഷ് ചൂണ്ടിക്കാണിച്ചത് ശരിയായൊരു കാര്യമാണ്. പക്ഷെ നാർക്കോട്ടിക് ആക്ട്

സെൻട്രൽ ഗവൺമെന്റിന്റെ നിയമമാണ്. അതുകൊണ്ട് ആ നിയമത്തിൽ ചില പഴുതുകളുണ്ട്. ഇവിടെ സൂചിപ്പിച്ച പോലെ കേന്ദ്ര നിയമപ്രകാരം പിടിച്ചെടുക്കുന്ന ലഹരി മരുന്നുകളെ small quantity, medium quantity and large quantity എന്നിങ്ങനെ തരംതിരിക്കപ്പെട്ടിരിക്കുകയാണ്. ഇവയ്ക്ക് ലഭിക്കുന്ന ശിക്ഷയും വ്യത്യസ്തമാണ്. ഒരു കിലോഗ്രാം വരെ കഞ്ചാവ് കൈവശം വയ്ക്കുന്നത് ഇപ്പോൾ ബെയ്ലബിളായിട്ടുള്ള ഒഫൻസായാണ് കണക്കാക്കുന്നത്. ഇത് കേന്ദ്ര നിയമമായതുകൊണ്ട് കേന്ദ്രമാണ് ഭേദഗതി കൊണ്ടുവരേണ്ടത്. ഈ നിയമത്തിന് ഭേദഗതി ആവശ്യമാണെന്നാണ് എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും അഭിപ്രായം. അതിന്റെയടിസ്ഥാനത്തിൽ ഇതിന് ഭേദഗതി കൊണ്ടുവരണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കും. നിയമ വകുപ്പ് അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഉടനെ തന്നെ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതാണ്. വരും തലമുറയെ ലഹരി വിമുക്തമാക്കാനുള്ള തീവ്രയജ്ഞത്തിനാണ് ഈ സർക്കാർ മുൻതൂക്കം നൽകുന്നത്. ഇതിനായി സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലേയ്ക്കും ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

**കടൽഭിത്തി നിർമ്മാണം**

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അമ്പലപ്പുഴ മണ്ഡലത്തിന്റെ തീരപ്രദേശം കടലെടുത്തുകൊണ്ടിരിക്കുകയാണ്. പുറക്കാട് കടൽത്തീരത്തുനിന്നും നാഷണൽ ഹൈവേയിലേയ്ക്കുള്ള ദൂരം വെറും 150 മീറ്ററായി കുറഞ്ഞിരി

ക്കുകയാണ്. പുറക്കാട് പഞ്ചായത്തിന്റെ 4½ കിലോമീറ്ററോളം ദൂരം (വാർഡ് I, XVI, XVII, XVIII) ൽ 45 വർഷം മുമ്പ് നിർമ്മിച്ച കടൽഭിത്തി ഇല്ലാതാവുകയും അതിന് പടിഞ്ഞാറ് വശം ജനവാസകേന്ദ്രങ്ങളായി മാറുകയും ചെയ്തിട്ട് പതിറ്റാണ്ടുകളായി. അറുന്നൂറിലേറെ മത്സ്യത്തൊഴിലാളി കുടുംബങ്ങളും ആരാധനാലയങ്ങളും തൊഴിൽസ്ഥാപനങ്ങളും മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങളും റോഡുകളും സുനാമി പുനരധിവാസ പദ്ധതിയിൽ ഗവൺമെന്റ് പണമുപയോഗിച്ച് നിർമ്മിച്ച 500-ൽ പരം വീടുകളും അവിടെയുണ്ട്. ഇവിടെ രണ്ടാം കടൽഭിത്തി നിർമ്മിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെടുകയും, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നാലായിരം മീറ്റർ കടൽഭിത്തി നിർമ്മിക്കാനുള്ള പ്രോജക്ട് കേന്ദ്രഗവൺമെന്റിന് കൊടുക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ തീരദേശ അതോറിറ്റി അതിനെ തടസ്സപ്പെടുത്തിയിരിക്കുന്നുവെന്നാണ് പറയുന്നത്. പുതിയ സാഹചര്യത്തിൽ അങ്ങ് മുൻകൈ എടുത്ത് കേന്ദ്രത്തിൽനിന്ന് ഇതിനുള്ള അനുവാദം വാങ്ങണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇല്ലെങ്കിൽ 4000 മീറ്ററിനുള്ളിലുള്ള വീടുകൾ മുഴുവനും കടലെടുത്തുപോകും. വാടയ്ക്കൽ മുതൽ തോട്ടപ്പള്ളി വരെയുള്ള എല്ലാ ഗ്യാപ്പുകളും കടൽഭിത്തി കെട്ടി അടയ്ക്കണം. ഈ ഭാഗങ്ങളിലെല്ലാം കടൽഭിത്തിയും പുലിമുട്ടും ഒരുപോലെ സ്ഥാപിക്കണം. ഇതിന് ധാരാളം പണം വേണമെന്നുള്ളത് ശരിയാണെങ്കിലും ആയിരക്കണക്കിന് ജനങ്ങളും നാഷണൽ ഹൈവേയും ഇല്ലാതായാൽപ്പിന്നെ പണത്തിന്റെ പ്രശ്നം പറയേണ്ടി വരില്ല. അങ്ങ് പല ഉറപ്പുകളും നൽകിയിട്ടുണ്ടെങ്കിലും അവിടെ ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ല. അത് അങ്ങയുടെ മാത്രം കുറ്റമല്ല. 4078 മീറ്റർ കടൽഭിത്തി നിർമ്മിക്കുന്നതിനായി വിശദമായ പ്രോജക്ട് തയ്യാ

റാക്കി നേരത്തേ സമർപ്പിച്ചത് നടപ്പിലാക്കാൻ സമ്മർദ്ദം ചെലുത്തുകയോ പുതിയ ഒരെണ്ണം തയ്യാറാക്കിക്കൊടുക്കുകയോ ചെയ്യണം. കടൽഭിത്തി നിർമ്മിക്കാൻ കേന്ദ്ര ഫണ്ട് ലഭ്യമായില്ലെങ്കിൽ കടൽഭിത്തി നിർമ്മിക്കേണ്ട തിന്റെ ആവശ്യകത മനസ്സിലാക്കി സംസ്ഥാന സർക്കാരിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം ആലോചിക്കണം. അമ്പപ്പുഴയുടെ കാര്യം മാത്രമാണ് ഞാൻ ഇവിടെ പറയുന്നത്. കേരളത്തിൽ മൊത്തം ഇത്തരം പ്രശ്നങ്ങളുണ്ട്. കഴിഞ്ഞ 17 ദിവസമായി പുറക്കാട് വില്ലേജ് ആഫീസിന്റെ മുമ്പിൽ അനിശ്ചിത കാല സത്യാഗ്രഹം നടക്കുകയാണ്. തീരദേശ ബന്ദ് നടത്താനും നാഷണൽ ഹൈവേ തടയാനും പരിപാടിയിടുന്നുണ്ട്. ഇതൊക്കെ ഒഴിവാക്കാൻ ഗവൺമെന്റ് ശക്തമായി ഇടപെടണം. ഈ ഗവൺമെന്റ് വന്നശേഷം ഞാനവ തരിപ്പിക്കുന്ന നാലാമത്തെ സബ്മിഷനാണ് ഇതെന്ന കാര്യവും അങ്ങയെ അറിയിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പുറക്കാട് പഞ്ചായത്തിലെ വാർഡ് I, XVI, XVII, XVIII എന്നിവിടങ്ങളിൽ വരുന്ന തീരപ്രദേശത്ത് 45 വർഷത്തോളം പഴക്ക മുള്ള കടൽഭിത്തിയാണുള്ളത്. ഈ പ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികൾ വീടുവച്ച് ഉപജീവനം നടത്തിവരികയാണ്. മുമ്പ് തീർത്ത കടൽഭിത്തിയിൽ നിന്നും ഏകദേശം 100 മുതൽ 200 മീറ്റർ വരെ വീതിയിൽ പടിഞ്ഞാറ് ഭാഗത്ത് കര രൂപംകൊണ്ടിട്ടുണ്ട്. മൺസൂൺ കാലങ്ങളിൽ ഇവിടെ കടലാക്ര മണം സാധാരണമാണ്. ഇതിനെക്കുറിച്ച് കൂടുതൽ പഠനങ്ങൾ നടത്താൻ

ചെന്നൈ ഐ.ഐ.റ്റി.–യെ ചുമതലപ്പെടുത്തി, അവരുടെ റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ നാല് കിലോമീറ്റർ സ്ഥലത്ത് വിവിധ നീളത്തിലുള്ള (15 മീറ്റർ, 20 മീറ്റർ, 30 മീറ്റർ, 40 മീറ്റർ) 45 പുലിമുട്ടുകൾ നിർമ്മിക്കേണ്ടതുണ്ട്. പൂന്തലം മുതൽ വടക്കോട്ട് 1650 മീറ്റർ നീളത്തിൽ 16 പുലിമുട്ടുകളുടെ പ്രവൃത്തി സംസ്ഥാന ഫണ്ട് ഉപയോഗിച്ചും നബാർഡ് സഹായത്താലും നടപ്പിലാക്കി വരുന്നു. ബാക്കി വരുന്ന 2350 മീറ്ററിൽ 29 പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് (18.6 കോടി രൂപയുടെ എസ്റ്റിമേറ്റ്) നബാർഡിന്റെ നിർദ്ദേശപ്രകാരം ഡി.പി.ആർ. തയ്യാറാക്കി വരുന്നു. അമ്പലപ്പുഴ മണ്ഡലത്തിലെ വാടയ്ക്കൽ മുതൽ തോട്ടപ്പള്ളി വരെയുള്ള ഭാഗത്തെ ഗ്യാപ്പുകൾ അടയ്ക്കുന്നതിന്റെ ഭാഗമായി 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയിൽ ഉൾപ്പെടുത്തി എസ്.എൽ.ഇ.സി.–യുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ശ്രീ. ജി. സുധാകരൻ ഇവിടെ സൂചിപ്പിച്ച മുമ്പ് സമർപ്പിച്ച പദ്ധതി ഒന്നുകൂടി റിവൈസ് ചെയ്ത് കേന്ദ്രത്തിൽ സമർപ്പിച്ച് കൂടുതൽ സഹായം തേടുന്നതാണ്. നബാർഡിന്റെ സഹായത്തോടുകൂടി പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. കടലാക്രമണം തടയുന്നതിനാവശ്യമായ ഫണ്ട് ഇല്ലാത്തത് ഇതിന്റെ ഏറ്റവും വലിയ പരിമിതിയാണ്. സംസ്ഥാന ഗവൺമെന്റിൽ നിന്നും കേന്ദ്രഗവൺമെന്റിൽ നിന്നും കൂടുതൽ ഫണ്ട് ലഭ്യമാക്കേണ്ടതായിട്ടുണ്ട്.

## പുതിയ പഞ്ചായത്തുകൾ

ശ്രീ. കെ. എൻ. എ. ഖാദർ: സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട മൂന്നിയൂർ, വള്ളിക്കുന്ന്, പള്ളിക്കൽ എന്നീ ഗ്രാമപഞ്ചായത്തുകൾ

വളരെ വിസ്തൃതമായ പഞ്ചായത്തുകളാണ്. ജനസംഖ്യാ ബാഹുല്യം കൊണ്ട് അവിടെ വലിയ പ്രയാസങ്ങൾ അനുഭവിക്കുകയാണ്. രണ്ട് വില്ലേജുകൾ വീതം ഓരോ പഞ്ചായത്തിലുമുണ്ട്. ഈ പഞ്ചായത്തുകൾ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കണമെന്ന ആവശ്യം ഇതിനുമുമ്പും ബഹുമാന പ്പെട്ട സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് മൂന്നിയൂർ പഞ്ചായത്ത് വിഭജിച്ച് വെളിമുക്ക് പഞ്ചായത്തും വള്ളിക്കുന്ന് പഞ്ചായത്ത് വിഭജിച്ച് അരിയല്ലൂർ പഞ്ചായത്തും പള്ളിക്കൽ പഞ്ചായത്ത് വിഭജിച്ച് കരിപ്പൂർ പഞ്ചായത്തും രൂപീകരിക്കണമെന്ന ആവശ്യം ഒരിക്കൽകൂടി ബഹു മാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പഞ്ചായത്ത് വിഭജനമുണ്ടാകുന്ന ഘട്ടത്തിൽ ഈ മൂന്ന് പഞ്ചായത്തുകളുടെ വിഭജനവും പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, സംസ്ഥാനത്തെ ത്രിതലപഞ്ചായത്തുകളിലേയ്ക്ക് 2015–ൽ നടക്കേണ്ടുന്ന പൊതു തെരഞ്ഞെടുപ്പിന്റെ മുന്നോടിയായി 2011- ലെ കാനേ ഷുമാരി അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കാവുന്നതും വികസിത ഗ്രാമപഞ്ചാ യത്തുകളെ മുനിസിപ്പാലിറ്റികളാക്കി പരിവർത്തനം ചെയ്യാവുന്നതുമാണ്. ഇതിനുവേണ്ടിയുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതിനനുസൃത മായ ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുമായി പഞ്ചായത്ത് ഡയ റക്ടർ, നഗരകാര്യ ഡയറക്ടർ, സ്റ്റേറ്റ് പെർഫോമെൻസ് ഓഫീസർ, ചീഫ്

ഠൗൺ പ്ലാനർ എന്നിവരെ ഉൾപ്പെടുത്തി 10.6.2014–ലെ സർക്കാർ ഉത്തരവുപ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയും പഞ്ചായത്ത് ഡയറക്ടറെ സമിതിയുടെ കൺവീനറായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തുകളുടെ വിഭജനവും രൂപീകരണവും ജനസംഖ്യയുടേയും വിസ്തീർണ്ണത്തിന്റെയും തനത് വരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് നടപ്പിലാക്കി വരുന്നത്. ഇതിലേയ്ക്കായി രൂപീകരിച്ച പ്രസ്തുത സമിതി സമർപ്പിക്കുന്ന ശുപാർശകൾക്കനുസൃതമായി മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മൂന്നിയൂർ, പള്ളിക്കൽ, വള്ളിക്കുന്ന് എന്നീ ഗ്രാമപഞ്ചായത്തുകളെ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കണമെന്ന വിഷയത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കൽ**

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, നാഷണൽ ഹൈവേ 47 നോട് ചേർന്ന് കിടക്കുന്നതും 600 – ഓളം ഒ.പി. ഉള്ളതുമായ പുതുക്കാട് താലൂക്കാശുപത്രി ആവശ്യമായ ജീവനക്കാരില്ലാത്തതിനാൽ ഗുരുതരമായ പ്രതിസന്ധിയിലാണ്. ഈ ആശുപത്രി 2011–ൽ താലൂക്കാശുപത്രിയായി ഉയർത്തി. അതിനുശേഷം ഡോക്ടർമാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. രണ്ട് ഗൈനക്കോളജിസ്റ്റുകളും ഒരു പീഡിയാട്രീഷനുമുള്ള ഈ ആശുപത്രിയിൽ ജീവനക്കാരുടെ കുറവു കൊണ്ട് പ്രസവക്കേസുകൾ പോലും അഡ്മിറ്റ് ചെയ്യാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്–I തസ്തികയിൽ 8 പേർ

വേണ്ടിടത്ത് 4 പേരും, അറ്റൻഡർ ഗ്രേഡ്-II തസ്തികയിൽ 6 പേർ വേണ്ടി ടത്ത് 3 പേരും, 8 നേഴ്സിംഗ് അസിസ്റ്റന്റ്മാർ വേണ്ടിടത്ത് 5 പേരും 5 ക്ലാർക്കുമാർ വേണ്ടിടത്ത് ഒരു ക്ലാർക്കും മാത്രമാണുള്ളത്. ഇതുമൂലം ആശു പത്രി പ്രവർത്തനം ദുരിതത്തിലാണ്. ആയതിനാൽ അങ്ങ് ഇടപെട്ട് പുതുക്കാട് താലൂക്കാശുപത്രിയിൽ ആവശ്യമായ ജീവനക്കാരെ നിയമിച്ച് ആശുപത്രിയെ സംരക്ഷിക്കണമെന്ന് അപേക്ഷിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): പുതുക്കാട് ഗവൺമെന്റ് ആശുപത്രി 1.3.2011-ലെ സർക്കാർ ഉത്തരവ് പ്രകാരം താലൂക്കാശുപത്രിയായി ഉയർത്തി. ഈ ആശുപ ത്രിയിൽ അനുവദിച്ചിട്ടുള്ള കിടക്കകളുടെ എണ്ണം 75 ആണ്. പ്രതിദിനം ശരാ ശരി ഒ.പി. 520-ഉം ഐ.പി. 19-ഉം ആണ്. ഈ ആശുപത്രിയിൽ ഒരു സിവിൽ സർജന്റേയും രണ്ട് അസിസ്റ്റന്റ് സർജന്റേയും നാല് ജൂനിയർ കൺസൾട്ടന്റി ന്റെയും നേഴ്സിംഗ് സൂപ്രണ്ട് ഉൾപ്പെടെ 13 നേഴ്സുമാരുടെയും 8 പാരാ മെഡിക്കൽ ജീവനക്കാരുടെയും തസ്തികകൾ ഉൾപ്പെടെ 40 തസ്തികകൾ നിലവിലുണ്ട്. ഒരു ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)-ന്റെ ഒഴിവിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ എൻ. ആർ.എച്ച്.എം. മുഖേന രണ്ട് ഡോക്ടർമാരുടെ സേവനവും കൂടുതലായി ലഭ്യമാക്കിയിട്ടുണ്ട്. നിലവിലുള്ള സ്പെഷ്യാലിറ്റി കേഡർ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് വകുപ്പിലെ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നും നിയമനം

നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു ഹോസ്പിറ്റൽ അറ്റൻഡന്റിന്റേയും ഒരു ലാബ് ടെക്നീഷ്യന്റെയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ഉടൻ കൈക്കൊള്ളുന്നതാണ്. പുതുക്കാട് ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

**താലൂക്ക് ആശുപത്രിയായി ഉയർത്തേണ്ടതിന്റെ ആവശ്യകത**

ശ്രീ. സി. മോയിൻകുട്ടി: സർ, എന്റെ നിയോജകമണ്ഡലത്തിലെ മുക്കം ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കമ്യൂണിറ്റി ഹെൽത്ത് സെന്റർ അപ്ഗ്രേഡ് ചെയ്ത് താലൂക്കാശുപത്രിയായി ഉയർത്തണമെന്ന ആവശ്യമാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. കൂടരഞ്ഞി, തിരുവമ്പാടി, മുക്കം, കോടഞ്ചേരി, കാരശ്ശേരി, ചാത്തമംഗലം തുടങ്ങിയ മലയോര മേഖലയിൽ നിന്ന് 20 കിലോമീറ്ററിൽ അധികം യാത്ര ചെയ്തിട്ടാണ് ഈ ആശുപത്രിയിൽ എത്തുന്നത്. ഈ ആശുപത്രിയെ ആശ്രയിക്കുന്നതിൽ ഏറെയും ദുർബല വിഭാഗക്കാരാണ്. മുക്കം ടൗണിന്റെ ഹൃദയഭാഗത്ത് പൊന്നുംവിലയുള്ള ഒരേക്കർ മുപ്പത്തിയാറ് സെന്റ് സ്ഥലം ഈ സി.എച്ച്.സി.-ക്ക് സ്വന്തമായിട്ടുണ്ട്. ഒ.പി., ഐ.പി., എക്സറേ, ലാബ്, ഫാർമസി, ഓഫീസ്, പെയിൻ & പാലിയേറ്റീവ് തുടങ്ങിയ എല്ലാ വിഭാഗങ്ങളും പ്രവർത്തിച്ചു വരികയാണ്. കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ബ്ലോക്കിനാണ് ഈ സ്ഥാപനം കൈമാറിയിട്ടുള്ളത്. കോഴിക്കോട് ജില്ലയിൽ ആദിവാസികൾ തിങ്ങിപ്പാർക്കുന്ന പ്രദേശം കൂടിയാണിത്. 700 മുതൽ 800 വരെ ഒ.പി. യാണ് ഓരോ ദിവസവും ഇവിടെയുള്ള

ത്. 18–ഓളം രോഗികൾ കിടത്തി ചികിത്സയ്ക്ക് വിധേയരാകുന്നുണ്ട്. സർജറികളും പ്രസവക്കേസുകളും വർദ്ധിച്ചു വരികയാണ്. ഐ.പി.എച്ച്.എസ്.–ൽ അനുവദിക്കുന്ന സി.എച്ച്.സി. പാറ്റേൺ പോലും മുക്കം സി.എച്ച്.സി.–യിൽ ഇല്ല. ഇത് എന്റെ മണ്ഡലത്തിലെ പി.എച്ച്.സി. കളിലേയും സി.എച്ച്. സി. കളിലേയും നിത്യസംഭവമാണ്. ഈ സഭയിൽ കഴിഞ്ഞ ദിവസം ഞാൻ ഇക്കാര്യം ഓർമ്മപ്പെടുത്തിയതാണ്. കോടഞ്ചേരിയിൽ 6 ഡോക്ടർമാർ വേണ്ടിടത്ത് ഒരു ഡോക്ടറും 5–ഉം 6–ഉം സ്റ്റാഫ് വേണ്ടിടത്ത് ഒരാളുപോലും ഇല്ലാത്ത അവസ്ഥയാണ്. ഈ സബ്മിഷൻ ഗൗരവമായി കണക്കിലെടുത്ത്, മുക്കം സി.എച്ച്.സി–യെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിനും എന്റെ മണ്ഡലത്തിലെ പി.ച്ച്.സി./സി.എച്ച്.സി.–കളിൽ മാനദണ്ഡം പാലിച്ച് ആവശ്യമായ ജീവനക്കാരെ അടിയന്തരമായി വിന്യസിപ്പിക്കണമെന്നും അപേക്ഷിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>): സർ, കോഴിക്കോട് താലൂക്കിൽ മുക്കം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന മുക്കം സി.എച്ച്.സി. കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ആരോഗ്യകേന്ദ്രമാണ്. അവിടത്തെ ശരാശരി പ്രതിദിന ഒ.പി. 450–ഉം ഐ.പി. പ്രതിമാസം 61–ഉം ആണ്. 18 കിടക്കകളുള്ള ഈ ആശുപത്രിയിൽ ഫീൽഡ് സ്റ്റാഫിന്റെ 6 തസ്തികകൾ ഉൾപ്പെടെ 21 തസ്തികകൾ നിലവിലുണ്ട്. ഈ ആശുപത്രിയുടെ സുഗമമായ നടത്തിപ്പിന് രണ്ട് എൻ.ആർ.എച്ച്.എം. ഡോക്ടർമാരുടെ സേവനവും 10 നഴ്സുമാരുടെ സേവനവുമുൾപ്പെടെ 17 അധിക ജീവനക്കാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. ഈ സി. എച്ച്.സി.–യിൽ നിന്നും 18 കിലോമീറ്റർ ദൂരത്തായി പുതിയതായി രൂപീകരിച്ച

താമരശ്ശേരി താലൂക്കിൽ ഒരു താലൂക്കാശുപത്രി പ്രവർത്തിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ വിദഗ്ദ്ധ ചികിത്സയ്ക്കായി ജനങ്ങൾ താമരശ്ശേരി താലൂക്കാശുപത്രിയേയും 22 കിലോമീറ്റർ അകലെയുള്ള മെഡിക്കൽ കോളേജ് ആശുപത്രിയേയും 30 കിലോമീറ്റർ അകലെയുള്ള ബീച്ച് ജനറൽ ആശുപത്രിയേയും 30 കിലോമീറ്റർ അകലെയുള്ള സ്ത്രീകളുടേയും കുട്ടികളുടേയും സർക്കാർ ആശുപത്രിയേയുമാണ് ഇപ്പോൾ ആശ്രയിക്കുന്നത്. നിലവിൽ സി.എച്ച്.സി. ആണെങ്കിലും ഇവിടെ സ്പെഷ്യലിസ്റ്റുകളുടെ തസ്തിക ഇല്ല. 18 കിടക്കകളുള്ള കിടത്തി ചികിത്സാ സൗകര്യം മാത്രമേയുള്ളൂ. ഈ സ്ഥാപനത്തിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കിടത്തി ചികിത്സാ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ബഹുമാനപ്പെട്ട എം.എൽ.എ.-യുടേയും ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടേയും നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. കമ്മിറ്റിയുടെ പ്രവർത്തനഫലമായി നിലവിലുള്ള കിടക്കകളുടെ എണ്ണം ഏകദേശം അറുപതോളമായി വർദ്ധിപ്പിക്കാൻ കഴിയും. എന്നാൽ താലൂക്ക് ആശുപത്രിക്ക് ആവശ്യമായ കുറഞ്ഞ ബെഡ് സ്ട്രെങ്ങ്ത് 100 ആണ്. മുക്കം സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്തുന്നകാര്യം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

## നിലം നികത്തൽ സംബന്ധിച്ച്

ശ്രീ. സി. കെ. സദാശിവൻ: സർ, മാവേലിക്കര ശ്രീ വെള്ളാപ്പള്ളി നടേശൻ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിന്റെ മറവിൽ നടക്കുന്ന അനധി

കൃത നിലംനികത്തലിന്റെയും നിർമ്മാണപ്രവർത്തനത്തിന്റെയും ഫലമായുണ്ടായിരിക്കുന്ന പരിസ്ഥിതി പ്രത്യാഘാതം ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. എന്റെ മണ്ഡലത്തിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ ഒരു പാടശേഖരത്തിന് സമീപം സ്ഥിതിചെയ്യുന്ന കോളേജ്, ഒരു ട്രസ്റ്റ് രൂപീകരിച്ച് എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും മതജാതി സംഘടനകളുടേയും പിന്തുണയോടെ ആറ് വർഷമായി പ്രവർത്തിച്ചുവരികയാണ്. കോളേജിനാവശ്യമായ അഞ്ചേക്കർ സ്ഥലം അവിടെയുണ്ടായിട്ടും 28 ഏക്കർ നെൽപ്പാടം വിലയ്ക്കുവാങ്ങി അതിൽ അഞ്ചേക്കർ കൂടി നികത്തി. മാത്രമല്ല, പുറമ്പോക്ക് കയ്യേറി കൈവശപ്പെടുത്തിയിരിക്കുകയുമാണ്. 28 ഏക്കർ സ്ഥലത്തിന് ചുറ്റും കൂറ്റൻ മതിൽ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനം നടക്കുകയാണ്. മതിൽ നിർമ്മിക്കുന്നതിന്റെ ഫലമായി പാടശേഖരത്തിന് ചുറ്റും താമസിക്കുന്ന നൂറുകണക്കിന് വീടുകളിലെ പുരയിടങ്ങളിൽ മഴവെള്ളം കെട്ടിനിൽക്കുകയാണ്. നിലം നികത്തുകയും നീർച്ചാലുകൾ അടയ്ക്കുകയും മതിൽ കെട്ടുകയും ചെയ്യുന്നതുമൂലം ഈ പ്രദേശം വെള്ളപ്പൊക്ക ഭീഷണി നേരിടുകയാണ്. പാടശേഖരത്തിന്റെ നടുവിലൂടെ നിലവിൽ ഒരു നടപ്പാതയുണ്ട്. അതും മതിൽകെട്ടി തടസ്സപ്പെടുത്തിയിരിക്കുകയാണ്. പ്രദേശത്തെ ജനങ്ങളുടെ പരാതിയെത്തുടർന്ന് പഞ്ചായത്തും റവന്യൂ വകുപ്പും സ്റ്റോപ്പ് മെമ്മോ കൊടുത്തിട്ടും കോളേജ് മാനേജ്മെന്റ് ധിക്കാരപൂർവ്വം നിർമ്മാണപ്രവർത്തനം തുടരുകയാണ്. നെൽവയൽ-നീർത്തട സംരക്ഷണ നിയമം ലംഘിക്കുകയും മതിൽകെട്ടി ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം തടയുകയും റവന്യൂ പുറമ്പോക്ക് കയ്യേറി ഒരു പാടശേഖരത്തിന് ചുറ്റും മതിൽകെട്ടി ജനജീവിതം ദു:സഹമാക്കുകയും ചെയ്യുന്ന ഈ നടപടിക്കെ

തിരെ ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, മാവേലിക്കര താലൂക്കിലെ ഭരണിക്കാവ് വില്ലേജിലെ കട്ടച്ചിറ മുറിയിൽ ബ്ലോക്ക് 13-ൽ 4.83.24 ഹെക്ടർ നിലവും 4.31 ആർ പുരയിടവും ശ്രീ ഗുരുദേവ ചാരിറ്റബിൾ ആന്റ് എഡ്യൂക്കേഷണൽ ട്രസ്റ്റിനുവേണ്ടി ജനറൽ സെക്രട്ടറി ഭരണിക്കാവ് വില്ലേജിൽ തെക്കേ മങ്കുഴി മുറിയിൽ പുത്തൻ വീട്ടിൽ വാസുമകൻ സുബാഷ് വാസുവിന്റെ പേരിൽ 15700 നമ്പർ തണ്ടപ്പേർ പ്രകാരമുണ്ട്. ഇതിൽപ്പെട്ട 24.20 ആർ. സ്ഥലത്ത് ശ്രീ വെള്ളാപ്പള്ളി നടേശൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന്റെ ലേഡീസ് ഹോസ്റ്റൽ സ്ഥിതി ചെയ്യുന്നു. മേൽപ്പടി ഹോസ്റ്റൽ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ വടക്കുവശത്തുള്ള 96.45 ആർ. നിലത്തിന്റെ പടിഞ്ഞാറും തെക്കും അതിർത്തികൾ യഥാക്രമം 5, 7 അടി ഉയരത്തിൽ മതിൽ കെട്ടിയിട്ടുണ്ട്. ഈ മതിൽക്കെട്ടിനുള്ളിൽ 40 ചതുരശ്രമീറ്റർ പുറമ്പോക്ക് വഴിയും ഉൾപ്പെട്ടിട്ടുള്ളതാണ്. മേൽപ്പടി പുറമ്പോക്ക് കയ്യേറ്റത്തിനെതിരെ കെ.എൽ.സി. ആക്ട് പ്രകാരം നടപടി സ്വീകരിക്കുന്നതിന് വില്ലേജ് ഓഫീസർ റിപ്പോർട്ട് നൽകിയിട്ടുള്ളതും ആയതിന്മേൽ താലൂക്ക് ഓഫീസ് മുഖേന നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. ടി സ്ഥലത്തിൽപ്പെട്ട 8.90 ആർ. സ്ഥലം

അനധികൃതമായി നികത്തിയതിനെതിരെ കെ.എൽ.യു. ഉത്തരവുപ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## സ്റ്റേറ്റ് ഹൈവേ അഭിവൃദ്ധിപ്പെടുത്തൽ

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, കാസർഗോഡ്-കാഞ്ഞങ്ങാട് ദേശീയ പാത റോഡിന്റെ പണി കെ.എസ്.റ്റി.പി. ഏറ്റെടുത്ത് നടത്തിവരികയാണ്. വളരെ മന്ദഗതിയിലാണ് ആ പ്രവൃത്തി നീങ്ങിക്കൊണ്ടിരിക്കുന്നത്. 28 കിലോമീറ്ററിൽ കൂടുതൽ വരുന്ന റോഡിന്റെ പണി ഇങ്ങനെ പോയാൽ കരാർ പ്രകാരമുള്ള രണ്ടുവർഷംകൊണ്ട് പൂർത്തീകരിക്കുമെന്ന് തോന്നുന്നില്ല. ഈ റോഡിന്റെ പ്രവൃത്തി നടക്കുന്നതിനാൽ ഇതിനുപകരമായി ഉപയോഗിക്കുന്ന കളനാട്-കട്ടക്കാൽ റോഡ്, മേൽപ്പറമ്പ്-ദേളിറോഡ് എന്നീ രണ്ട് പഞ്ചായത്ത് റോഡുകൾ മുഴുവൻ പൊട്ടിപ്പൊളിഞ്ഞിരിക്കുകയാണ്. ഈ രണ്ടുറോഡുകളും കെ.എസ്.റ്റി.പി. കമ്പനി തന്നെ നിർമ്മിക്കാം എന്ന് പറഞ്ഞിരുന്നതാണ്. ആദ്യം ചെറിയ പണികൾ ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ അവർ ഒന്നും ചെയ്യുന്നില്ല. വാഹന ഗതാഗതത്തിന് തടസ്സം നേരിടുകയും സ്കൂൾ കുട്ടികളും കാൽനടയാത്രക്കാരും വളരെ ബുദ്ധിമുട്ടനുഭവിക്കുകയുമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെട്ട് ഈ ദേശീയപാതയുടെ പണി എത്രയും വേഗം പൂർത്തീകരിക്കുന്നതിനും കെ.എസ്.റ്റി.പി.യെ. ക്കൊണ്ട് പാരലൽ റോഡ് റിപ്പയർ ചെയ്യിച്ച് ഗതാഗതയോഗ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കാസർഗോഡ്-കാഞ്ഞങ്ങാട് കെ.എസ്.റ്റി.പി. സെക്കന്റ് ഫേസിലുള്ള റോഡിന്റെ പ്രവൃത്തി പുരോഗതിയിലാണ്. ഇതുസംബന്ധിച്ച വിവരങ്ങൾ ചോദ്യോത്തര വേളയിൽ വിശദമായി പറഞ്ഞതുകൊണ്ട് ഞാൻ അക്കാര്യങ്ങൾ ആവർത്തിക്കുന്നില്ല. 23-04-2015-ൽ പ്രവൃത്തി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യുന്നതിനാണ് പദ്ധതിയിട്ടിരിക്കുന്നത്. ക്വാറി ലഭ്യമല്ലാത്തതും പ്രാദേശികമായ ചില വിഷയങ്ങളും ആ പദ്ധതിക്ക് വിഘാതമുണ്ടാക്കുന്നുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ. മാർ സഹകരിക്കുകയും സഹായിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതേസമയം, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പാരലൽ റോഡുകളെ സംബന്ധിച്ച് ചില പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കാനുള്ള നടപടികൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ വളരെ ഗൗരവമായെടുത്ത് അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## സ്ഥലമെടുപ്പ് നടപടി ത്വരിതപ്പെടുത്തൽ

ശ്രീ. കെ. സുരേഷ് കുറുപ്പ്: മണർകാട് നിന്ന് ഏറ്റുമാനൂരിലേക്കുള്ള ബൈപ്പാസ് റോഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായെങ്കിലും റവന്യൂ വകുപ്പ് രേഖകൾ പരിശോധിച്ച് ആളുകളുടെ പണം കൊടുത്ത് സ്ഥലം പൂർണ്ണമായും ഏറ്റെടുക്കുന്നില്ല. അതിന്റെ ഫലമായി ബൈപ്പാസ് പണി അനന്തമായി നീണ്ടുപോകുകയാണ്. ബൈപ്പാസ് സമയബന്ധിതമായി പൂർത്തീകരിക്കുക എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. തിരുവല്ല-ഏറ്റുമാനൂർ റോഡിന്റെ പൂർണ്ണമായ പ്രയോജനം ലഭിക്കണമെങ്കിൽ മണർകാട്

–ഏറ്റുമാനൂർ ബൈപ്പാസ് പൂർത്തിയാക്കണം. അതുപോലെ തന്നെ ഏറ്റുമാനൂരിലെ ട്രാഫിക് കുരുക്ക് ഒഴിവാക്കുന്നതിനും ഇത് ആവശ്യമാണ്. അതിനാൽ റവന്യൂ വകുപ്പ് സമയബന്ധിതമായി സ്ഥലം ഏറ്റെടുക്കണമെന്നതാണ് എന്റെ ആവശ്യം

റവന്യൂവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കോട്ടയം ജില്ലയിലെ പട്ടിത്താനം–മണർകാട് ബൈപ്പാസ് റോഡിനുവേണ്ടി 5.1351 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 23-01-2013–ൽ ചേർന്ന സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി വില നിശ്ചയിച്ച് നൽകുകയുണ്ടായി. അതിനായി 37.31 കോടിരൂപയും സർക്കാർ അനുവദിച്ചുനൽകി. മണർകാട് വില്ലേജിൽ 192 എൽ.എ. കേസുകളിലും പേരൂർ വില്ലേജിൽ 179 എൽ.എ. കേസുകളിലും ഏറ്റുമാനൂർ വില്ലേജിൽ 115 എൽ.എ. കേസുകളിലും അവാർഡ് പാസ്സാക്കി ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ഇനിയും അവാർഡ് പാസ്സാക്കാനുള്ള 67 എൽ.എ. കേസ്സുകളിൽ അവാർഡ് എൻക്വയറി നടത്തിയെങ്കിലും ഭൂവുടമകൾ മതിയായ രേഖ ഹാജരാക്കാത്തതുകൊണ്ട് അവാർഡ് പാസ്സാക്കി ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. ഈ നടപടികൾ നിയമപ്രകാരം എത്രയും വേഗം പൂർത്തിയാക്കി ഭൂമി ഏറ്റെടുത്ത് നൽകുന്നതാണ്.

## സ്ഥലമെടുപ്പ് നടപടികളുടെ പൂർത്തീകരണം

ശ്രീ. പി. ഉബൈദുള്ള: സർ, വർഷങ്ങളായി പരിഹരിക്കപ്പെടാതെ കിടക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തിലേയ്ക്കാണ് ഈ സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. എന്റെ മണ്ഡലത്തിലെ മലപ്പുറം ടൗൺ രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവിക്കുകയാണ്. ഇതിന് പരിഹാരം കാണുന്നതിനുവേണ്ടിയാണ് മലപ്പുറം–കോട്ടപ്പടി–വലിയങ്ങാടി ബൈപ്പാസ് റോഡും കടലുണ്ടി പുഴയ്ക്ക് കുറുകെ മുനിസിപ്പാലിറ്റിയേയും കോടൂർ പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന തലാപ്പുകടവ്–ആശാരിപ്പടി പാലവും നിർമ്മിക്കാൻ തീരുമാനിച്ചത്. ബൈപ്പാസിനും പാലത്തിന്റെ അപ്രോച്ച് റോഡിനും വേണ്ട സ്ഥലം ഇപ്പോഴും ഏറ്റെടുക്കൽ പ്രക്രിയ പൂർത്തീകരിക്കാതെ പാതിവഴിയിലാണ്. 12 വർഷമായി പണിയാരംഭിച്ച ബൈപ്പാസ് റോഡിന് വേണ്ടി വളരെ കുറച്ചുസ്ഥലം മാത്രമാണ് എൽ.എ. നടപടികളിലൂടെ ഏറ്റെടുക്കേണ്ടത്. സ്ഥലമെടുപ്പുനിയമം സംബന്ധിച്ച 4(1) നോട്ടിഫിക്കേഷൻ പ്രകാരം ഗസറ്റിൽ വിജ്ഞാപനം ചെയ്ത് മാസങ്ങളായിട്ടും തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ല. തലാപ്പുകടവ്–ആശാരിപ്പടി പാലത്തിന്റെ അപ്രോച്ച് റോഡിന് 09-02-11–ലെ ജി.ഒ.നമ്പർ 245/2011/പി.ഡബ്ല്യൂ.ഡി., 30-12-2011 ലെ ജി.ഒ. നമ്പർ 1839/2011/പി.ഡബ്ല്യൂ.ഡി. ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 22-02-2013–ലെ 538–ാം നമ്പർ പ്രകാരവും 21-10-2013–ലെ 3005 നമ്പർ പ്രകാരവും ഗസറ്റ് വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റെടുക്കുന്ന ഭൂമിയുടെ വില നിശ്ചയിക്കുന്നതിനുവേണ്ടി ജില്ലാതല വില നിർണ്ണയ

കമ്മിറ്റി ചേർന്ന് പാണക്കാട്, കോടൂർ വില്ലേജുകളിലെ 0.5565 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിനായി 11-12-2013-ൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ഒരു തീരുമാനവും ഉണ്ടായിട്ടില്ല. പാർലമെന്റ് പാസ്സാക്കിയ 2013- ലെ ലാന്റ് അക്വിസിഷൻ റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് ആക്റ്റ്, 2014 ജനുവരി മുതൽ പ്രാബല്യത്തിൽ വന്നതോടുകൂടി പൊതു ആവശ്യങ്ങൾക്കും വികസന പദ്ധതികൾക്കും ഭൂമി ഏറ്റെടുക്കുന്ന നടപടികളും നഷ്ടപരിഹാരം നൽകുന്നതും നിർത്തിവച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ അടിയന്തരമായ തീരുമാനം കൈക്കൊള്ളുന്നതിന് സംസ്ഥാന സർക്കാർ ഒരു നിയമം കൊണ്ടുവരണം. ഇത് ഒരു മണ്ഡലത്തേയോ ഒരു വർക്കിനെയോ ബാധിക്കുന്ന വിഷയമല്ല. പല വികസനപ്രവർത്തനങ്ങളും സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട വിഷയത്തിൽ കുരുങ്ങിക്കിടക്കുകയാണ്. അതുകൊണ്ട് കേന്ദ്രനിയമം പ്രാബല്യത്തിൽ വന്ന 2014 ജനുവരിക്ക് മുമ്പുള്ള കേസുകളിൽ പഴയ എൽ.എ. ആക്ട് അനുസരിച്ച് നടപടിയെടുക്കാനും അടിയന്തരമായി പുതിയ നിയമം കൊണ്ടുവരാനും ഗവൺമെന്റ് മുന്നോട്ടുവരണമെന്നും ആവശ്യപ്പെടുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. എ.പി. അനിൽകുമാർ</u>): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ഉബൈദുള്ള ഇവിടെ സൂചിപ്പിച്ചത് മലപ്പുറം-കോട്ടപ്പടി-വലിയങ്ങാടി ബൈപ്പാസ് റോഡുമായി

ബന്ധപ്പെട്ടും അതുപോലെ തന്നെ തലാപ്പുകടവ്-ആശാരിപ്പടി പാലം സംബന്ധിച്ചുമുള്ള കാര്യമാണ്. മലപ്പുറം ജില്ലയിലെ കോട്ടപ്പടി-വലിയങ്ങാടി ബൈപ്പാസ് റോഡ് നിർമ്മാണത്തിന് 1.1634 ഹെക്ടർ സ്ഥലം ഏറ്റെടുക്കുക്കുന്നതിന് 20-08-2013-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് സ്ഥലമുടമകൾക്ക് 4 (എ) നോട്ടീസ് നൽകി കരട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ കേന്ദ്രനിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇനി സ്ഥലമെടുപ്പുനടപടികൾ പൂർത്തിയാക്കുവാൻ നിർവ്വാഹമുള്ളൂ. ആയതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. തലാപ്പുകടവ്-ആശാരിപ്പടി പാലത്തിന്റെ അപ്രോച്ച്റോഡ് നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പിനായി ജില്ലാതല പർച്ചേസ് കമ്മിറ്റി ഭൂവുടമകളുമായി ചർച്ച നടത്തി സ്ഥലവില നിശ്ചയിച്ചിട്ടുണ്ട്. നേരത്തേ സൂചിപ്പിച്ചതുപോലെ സ്ഥലമെടുപ്പ് സംബന്ധിച്ച കേന്ദ്രനിയമം 01-01-2014 മുതൽ നിലവിൽ വന്നതിനാൽ മേൽപ്പടി നിയമത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരത്തുക പുനർ നിർണ്ണയിച്ച് ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പുതിയ കേന്ദ്ര ഗവൺമെന്റ് നിയമവുമായി ബന്ധപ്പെട്ട റൂൾ ഫ്രെയിം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## എയർപോർട്ട് റോഡ് വികസനം

ശ്രീ. ജോസ് തെറ്റയിൽ: സർ, തൃശ്ശൂർ ഭാഗത്തുനിന്ന് നെടുമ്പാശ്ശേരി എയർപോർട്ടിലേയ്ക്ക് അങ്കമാലിയിലെ ഗതാഗതക്കുരുക്ക് താണ്ടിപ്പോകുന്നതിന് 13.5 കിലോമീറ്റർ വേണം. നിലവിൽ അങ്കമാലിയിൽനിന്ന് വേങ്ങൂർ,

നായത്തോട് വഴി റോഡുണ്ട്. അത് വികസിപ്പിച്ചെടുക്കുന്നതിന് വേണ്ടിയുള്ള നടപടികൾ 2005-ൽ തുടങ്ങി. 2008-ൽ അതിന്റെ നോട്ടിഫിക്കേഷൻ ഇറങ്ങിയെങ്കിലും അക്വിസിഷൻ സംബന്ധമായി നോട്ടിഫിക്കേഷൻ 2005-ൽ ലാപ്സായി. തുടർന്ന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2010-ൽ 1.75 കോടി രൂപ അതിന്റെ നിർമ്മാണ പ്രവർത്തനത്തിനായി അനുവദിച്ചു. അത് ലാപ്സായതുകൊണ്ട് 2011 സെപ്തംബർ മാസത്തിൽ വീണ്ടും 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ പർച്ചേസ് കമ്മറ്റി ഇതിന് വേണ്ടിവരുന്ന രണ്ട് ഏക്കർ ഭൂമി നിശ്ചയിക്കുകയും 15 കോടി രൂപ തുക പറയുകയും 2013 നവംബർ മാസത്തിൽ സംസ്ഥാനത്തെ ഉന്നതാധികാര സമിതി അതിന് അംഗീകാരം നൽകിയിട്ടുമുണ്ട്. ഇതിന്റെ തുക ഇതുവരെ അനുവദിച്ചിട്ടില്ല. 2014 സെപ്തംബർ ആദ്യവാരത്തിൽ ഇത് ലാപ്സാകുകയും ചെയ്യും. 1,75,00,000/- രൂപ അതിന്റെ നിർമ്മാണത്തിന് അനുവദിച്ചെങ്കിലും സ്ഥലം ഏറ്റെടുക്കുന്നതുസംബന്ധമായ തുക അനുവദിച്ചിട്ടില്ല. ഞാൻ ഇക്കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കും കത്ത് നൽകിയിരുന്നു. ഇപ്പോൾ അടിയന്തരമായി ഈ തുക അനുവദിക്കുന്നതോടൊപ്പംതന്നെ ഡിനോവ ആയിട്ടുള്ള നോട്ടിഫിക്കേഷൻ റിന്യൂവൽ വേണം.. അത് അടിയന്തരമായി നിർവ്വഹിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ റോഡിന്റെ സ്ഥലമെടുപ്പ് സംബന്ധിച്ച് 2014 സെപ്തംബർ ആദ്യവാരത്തോടെ ഡിനോവ ആകുമെന്നാണ് അറിയിച്ചിട്ടുള്ളത്. അതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിന്റെ നഷ്ടപരിഹാരമായി 15

കോടി രൂപ അടിയന്തരമായി അനുവദിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പൊതുമരാമത്ത് വകുപ്പ് പരിശോധിക്കുകയും സ്ഥലമെടുപ്പ് വിജ്ഞാപനം ഡിനോവ ആകുന്ന സാഹചര്യത്തിൽ തുക അനുവദിക്കുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് റോഡ് വിഭാഗത്തിന്റെ 2014–2015–ലെ ബഡ്ജറ്റ് ശീർഷകത്തിൽ സ്ഥലമെടുപ്പിനുള്ള തുക അവ്യക്തമായതിനാൽ ആവശ്യമായ തുക അധികമായി അനുവദിക്കാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.